# ക്ലബ് ഹൗസ്



------ലേഖനങ്ങൾ------












## എസ്.കാച്ചപ്പിള്ളി









വിതരണം
സംസ്കാര





# മററു കൃതികൾ

## കഥകൾ

ഒററമുറിവീട്

ഒരുബുദ്ധിജീവിയും കുറെ അനുയായികളും

ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ

## ലേഖനങ്ങൾ

കേരളമോഡൽ പ്രതിസന്ധി

## നുറുങ്ങു ലേഖനങ്ങൾ

ദുരന്തങ്ങൾ നൽകുന്ന പാഠം

സാന്ത്വനം

## നുറുങ്ങു ചിന്തകൾ

മൊഴിമുത്തുകൾ

## ചിന്തകൾ

എന്റെ ജനാധിപത്യ ചിന്തകൾ



# ക്ലബ് ഹൗസ്

## ലേഖനങ്ങൾ


Author: S.Kachappilly

Phone: 9446459784

Facebook : sebastian kachappilly

YouTube : sebastiankachappilly

e-mail : sebastiankachappily@yahoo.com

Web : www.kachappilly.in



# ഉള്ളടക്കം


- സഹകരണ പ്രസ്ഥാനത്തിലെ സഹകരണ ബാങ്കുകൾ
- കുട്ടികളുടെ പ്രശ്നങ്ങൾ
- ഇ പുസ്തകങ്ങളും ഇ ചിത്രങ്ങളും
- സന്യസ്തരുടെ ആത്മഹത്യാ നിരക്ക്
- സാമൂഹ്യ സുരക്ഷ
- മാലിന്യ നിർമ്മാർജ്ജനം
- സ്ത്രീകളും രാഷ്ട്രീയ നീതിയും
- സാർവ്വത്രിക വിദ്യാഭ്യാസം
- ജനാധിപത്യാവബോധം
- സംരഭകത്വം
- സ്വകാര്യവൽക്കരണം
- നിയമപാലകർ
- പൊതുവിതരണ സമ്പ്രദായം
- ലോക അഹിംസാ ദിനം

# 1. സഹകരണ പ്രസ്ഥാനത്തിലെ സഹകരണ ബാങ്കുകൾ

സഹകരണ പ്രസ്ഥാനങ്ങൾ കേരള സമൂഹ ത്തിന്റെ വളർച്ചയിൽ ഏറെ പങ്കു വഹിച്ചിട്ടുള്ള താണ്. ആ പ്രസ്ഥാനമാണ് കാലോചിതമായ പരി ഷ്ക്കാര നടപടിയുടെ ഭാഗമായി ബാങ്ക് എന്ന പദം ഉപയോഗിക്കാൻ പാടില്ലാ എന്നു തുടങ്ങി പലവിധ നിബന്ധനകൾക്കും വിധേയമാകുന്നത്.

എൺപതുകളുടെ ആദ്യപകുതിയിൽ സഹ കരണം വിഷയമെടുത്ത് പാസായവർ കുറവായിരു ന്നതിനാൽ ഒഴിവുകൾക്ക് അപേക്ഷ ക്ഷണിച്ചാൽ കൈവിരലിലെണ്ണാവുന്ന അപേക്ഷകർ മാത്രമെയു ണ്ടാവുമായിരുന്നുള്ളൂ. ഇന്നിപ്പോൾ ഒരു ഒഴിവി നായി വിളിച്ചാൽ പോലും അന്നത്തെ അഞ്ചു അപേക്ഷകരുടെ സ്ഥാനത്ത് ലക്ഷങ്ങൾ ലക്ഷങ്ങളു മായി ക്യൂ നിൽക്കുന്ന അവസ്ഥയിലാണ് കേരളം. തൊഴിൽ സാധ്യതകൾ അത്രമാത്രം ദുർബലമാണ്. ഒരു വ്യവസായ പ്രസ്ഥാനം ആരംഭിക്കുമ്പോൾ രാഷ്ട്രീയ വ്യക്തിത്വങ്ങളിൽ നിന്നും നേരിടുന്ന ദുരവസ്ഥ കാരണം പഠനം പൂർത്തിയിക്കാവുന്നവർ അപേക്ഷയുമായി ക്യൂ നിൽക്കേണ്ടി വരുന്ന പരി താപകരമായ അവസ്ഥയാണ് ഇന്നുള്ളത്.

ഇന്നിപ്പോൾ ഇന്ത്യയിലെ എല്ലാ സംസ്ഥാ നങ്ങളിലും സഹകരണ സ്ഥാപനങ്ങൾ വെല്ലുവിളി കൾ നേരിടുകയാണ്. സഹകരണ സ്ഥാപനങ്ങൾ

ബാങ്കിങ് റെഗുലേഷൻ ആക്ട് പ്രകാരമുള്ള നിയന്ത്രണത്തിൽ വരുന്നതല്ലായെന്നും അതുകൊണ്ടു തന്നെ റിസർവ് ബാങ്ക് ഷെഡ്യൂൾഡ് ബാങ്കുകളുടെ മേൽ ചുമത്തിയിരിക്കുന്ന നടപടികൾ നമ്മുടെ സഹകരണ ബാങ്കുകളായ സ്ഥാപനങ്ങൾക്ക് ബാധകമല്ല എന്നതാണ് എടുത്തു പറയാനുള്ളത്. കർഷകരുടേയും ചെറുകിട കച്ചവടക്കാരുടേയും ചെറുകിട വ്യവസായികളുടേയും വിയർപ്പിന്റെ വിലയായ പണമാണ് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ വരുന്നത് എന്നു പറയാമെങ്കിലും അവയൊന്നും ഒരു പരിധിവരെ രാജ്യത്തിന്റെ നികുതിക്ക് വിധേയമാകുന്നില്ല എന്നതിന് മറുപടിയാവുന്നില്ല.

റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലല്ലായെന്നതുകൊണ്ടു തന്നെ ഷെഡ്യൂൾഡ് ബാങ്കുകൾക്കൊ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരുന്ന ധനകാര്യ സ്ഥാപനങ്ങൾക്കൊ നൽകുന്ന സുരക്ഷ റിസർവ് ബാങ്ക് സഹകരണ ബാങ്കുകളിലെ നിക്ഷേപകനു നൽകുന്നു എന്നു പറയാൻ കഴിയുകയുമില്ല. അതതു സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്യാരന്റിയുണ്ട് എന്നത് കേരളത്തെ സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്തെ സഹകരണ ബാങ്കിങ് മേഖലയെ ജനങ്ങൾ വിശ്വാസത്തിലെടുക്കുവാൻ കാരണമാകുന്നു.

കേരളത്തിലെ സഹകരണ പ്രസ്ഥാനം വളർന്നു വന്ന നാളുകളിലെ നേതൃത്വങ്ങളുടെ ആത്മാർത്ഥയും വിശ്വാസവും സഹവർത്തിത്വവും ഇന്നത്തെ സഹകരണ ബാങ്കിങ് മേഖലയിലും പ്രതീക്ഷിക്കുക വയ്യ. നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളിലും തിരഞ്ഞെടുക്കപ്പെടുന്നവരുടെ അവസ്ഥയും ഇതിൽ നിന്നും വ്യത്യസ്ഥമായി കാണാൻ കഴിയില്ല. ചുരുക്കത്തിൽ വ്യക്തികൾ എന്ന നിലയിൽ ഇതുപത്തി ഒന്നാം നൂററാണ്ടിലെ സഹകാരികളായാലും വോട്ടർമാരായാലും ഭൂരിഭാഗവും തങ്ങളുടെ ആഗ്രഹ പ്രകാരം തങ്ങൾക്കും കിട്ടണം പണം എന്ന മുദ്രാവാക്യമാണ് പ്രായോഗികമാക്കുന്നത്.

കേരളത്തിലെ സഹകരണ ബാങ്കുകളിലെ സഹകാരികൾ അറിവിലും വിവേകത്തിലും ശക്തരാണെന്നും ബാങ്കിങ് മേഖലയെപ്പററി കൂടുതൽ ബോധവാന്മാരാണെന്നും കരുതേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിൽ വേഷപ്പകർച്ചക്കു തയ്യാറാകുന്ന രാഷ്ട്രീയ നേതാക്കളുടെ പ്രലോഭനത്തിൽ വശംവദരാകാതിരിക്കാൻ ഏതൊരു പൗരനും എന്നപോലെ സഹകാരിക്കും കഴിയുന്നുമില്ല. പരിഹാരമായി പറയുവാനുള്ളത് നമ്മുടെ ബാങ്കിങ് മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരിക എന്നതാണ്. കേരളത്തെ

സംബന്ധിച്ച് അത്  വളരെ എളുപ്പമുള്ള കാര്യമാണ്. ഷെഡ്യൂൾഡ് ബാങ്കിനാവശ്യമായ നടപടികൾ പൂർത്തിയാക്കാൻ ശക്തമാണ് നമ്മുടെ ഒട്ടുമിക്ക സഹകരണ ബാങ്കുകളും. ഒന്നോ രണ്ടോ സഹകരണ ബാങ്കുകൾ ഒന്നു ചേർന്നാ അല്ലാതേയൊ ഷെഡ്യൂൾഡ് ബാങ്കുകളായി മാറി ഏററവും കുറഞ്ഞ നിരക്കിൽ കസ്റ്റമേഴ്സിന് വായ്പയും റിസർവ്വ് ബാങ്കിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുമായി മാറുന്നത് മുന്നിൽ കാണുന്നു. ഇരുപത്തൊന്നാം നൂററാണ്ടിന്റെ ആദ്യ നാളുകളിൽ കേരളം കാണേണ്ടി വന്നതും റിയൽ എസ്റ്റേററ് മാഫിയ ഏറെ ആഘോഷിച്ചതുമായ കേരളത്തിലെ ഭൂമിയുടെ നൂറും ഇരുന്നൂറും ഇരട്ടിയായുള്ള വിലക്കയററം കേരളീയന്റെ ബാലൻസ് ഷീററിനെ താളം തെററിച്ചിട്ടുള്ളതാണ്. മുവ്വായിരവും അതിനടുത്തുമൊക്കെ വിലമാത്രമുണ്ടായിരുന്ന ഭൂമി സ്വരുക്കൂട്ടിയതു കൊണ്ടു വാങ്ങാനാവത്ത അവസ്ഥ പരിതാപകരം തന്നെയായിരുന്നു.

ചുരുക്കത്തിൽ നമ്മുടെ സഹകരണ സ്ഥാപനങ്ങൾ ബാങ്കിങ് ഇടപാടുകൾ നടത്തുന്നത് ഒഴിവാക്കേണ്ടിയിരിക്കുന്നു എന്നതാണ്  ചൂണ്ടിക്കാണിക്കാനുള്ളത്. സഹകരണ സ്ഥാപനങ്ങൾക്ക് ഒട്ടേറെ മേഖലയിൽ ഇനിയും നിലനിന്നു പോകേണ്ടതുണ്ട്. കേരളത്തിലെ സഹകരണ ബാങ്കുകൾ ഒററക്കും കൂട്ടായും ഷെഡ്യൂൾഡ് ബാങ്കുകൾ

ആയി മാററാനുള്ള സാമ്പത്തിക വളർച്ച നേടിയവയാണെന്നും കേരളത്തിലെ സഹകാരികൾ മുഴുവനുമായൊ ഏറെക്കുറെ പൂർണ്ണമായൊ ഷെഡ്യൂൾഡ് ബാങ്കുകളിലെ ഇടപാടുകൾ നടത്താൻ പ്രാപ്തിയുള്ളവരുമാണ്.

കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നമ്മുടെ സഹകരണ ബാങ്കുകളെ വോട്ടുബാങ്കുകളായി വളർത്തിയെടുക്കാനുള്ള ചട്ടുകമായി കണക്കാക്കുന്നു. സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾ സുരക്ഷിതമായി തുടരുമ്പോഴും അത്തരം പ്രസ്ഥാനങ്ങളെ കാലോചിതമാം വിധം മാററിയെടുക്കാൻ സാധിക്കുമൊ എന്ന കാര്യവും സംശയമായി തുടരുക തന്നെ ചെയ്യും.

## 2. കുട്ടികളുടെ പ്രശ്നങ്ങൾ



കുട്ടികളുടെ പ്രശ്നങ്ങൾ നമ്മുടെ സമൂഹം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ്. നമ്മുടെ സമൂഹത്തിലെ രക്ഷിതാക്കളിൽ നല്ലൊരു ഭാഗം മാതാപിതാക്കളും അടിസ്ഥാനവും പ്രാഥമീകവുമായ വിദ്യാഭ്യാസമായ പത്താംതരം പാസ്സായവർ കുറവു തന്നെയാണ്. എന്നിരുന്നാലും തങ്ങൾ ഒട്ടും മോശം അല്ലെന്നും ദിനപത്രവും ടി വിയുമൊക്കെ വായിക്കുകയും കാണുകയും ചെയ്യുന്നവരാണ് എന്നതിനാൽ തങ്ങൾക്കും അത്യാവശ്യം അറിയും കഴിവുമുണ്ടെന്നു ഇത്തരമാളുകളും കരുതുകയും ചെയ്യുന്നു. പ്രായോഗികമായി കണ്ടുവരുന്നതാകെട്ടെ എല്ലാ മേഖലയിലും രാഷ്ട്രീയ പാർട്ടികൾ മാതാപിതാക്കളിൽ ചെലുത്തുന്ന മേൽക്കോയ്മയാണ്. നമ്മുടെ കുട്ടികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം രാഷ്ട്രീയപാർട്ടികൾ തന്നെയാണ് എന്നു കരുതുകയും ചെയ്യുന്നു. തത്ഫലമായി കേരള സമൂഹത്തിലെ കുട്ടികൾ പരിധിയിൽ കൂടുതലായി രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടുകയും ചെയ്യുന്നു. കൂടുതൽ സമരങ്ങൾ ചെയ്യുന്നതാണ് വിദ്യാർത്ഥി സമൂഹത്തിന്റെ മേന്മ എന്നു ചിന്തിക്കുന്നവരും അത് തങ്ങളുടെ അവകാശമാണ് എന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്ന കുട്ടികൾ നമ്മുടെ സമൂഹത്തിൽ കുറവല്ല.

സമരങ്ങൾ നൽകുന്ന ആവേശം സംഘം ചേരാനും സംഘം ചേർന്ന് സഘർഷങ്ങൾ

ഉണ്ടാക്കാനും പ്രേരണ ചെയ്യുകയും ചെയ്യുന്നുണ്ട്. നമ്മുടെ യൂണിവേഴ്സിററികളിലും സർക്കാർ സ്ക്കൂളികളിലും സർക്കാർ കോളേജുകളിലുമൊക്കെ അദ്ധ്യാപകർക്കിടയിൽ രാഷ്ട്രീയാതിപ്രസരം കാണാവുന്നതാണ്. ഒട്ടുമിക്ക അദ്ധ്യാപകരും അവരുടെ സബ്ജക്ടുകളിലുള്ള അറിവിലും വിശകലന ശേഷിയിലുമല്ല പ്രാഗത്ഭ്യം തെളിയിക്കുന്നത്; മറിച്ച് തങ്ങളുടെ രാഷ്ട്രീയ നിലപാടുകളുടെ വിവരങ്ങൾ പകർന്നു നൽകുന്നതും അവയെ എങ്ങനെ ന്യായീകരിക്കാമെന്നതും തങ്ങളുടെ ജോലിയുടെ ഭാഗമായും കരുതുന്നു. നമ്മുടെ സമൂഹം നേരിടുന്ന കുട്ടികളുടെ അപചയത്തിന് ഇതും ഒരു കാരണമാകുന്നു.

മാതാപിതാക്കളുടെ രാഷ്ട്രീയത്തിലൂന്നിയ ആത്മവിശ്യാസം മൂലം അവരെ തെററിദ്ധരിപ്പിക്കാനായ് നടക്കുന്ന രാഷ്ട്രീയ കോമാളികൾക്ക് നമ്മുടെ കുട്ടികളേയും രാഷ്ട്രീയ വരുതിയിലാക്കാൻ എളുപ്പമാകുന്നു. ഇത്തരം സാഹചര്യങ്ങളെ ചൂഷണം ചെയ്ത് തെററിദ്ധരിപ്പിക്കുന്ന സമൂഹത്തിൽ കുട്ടികൾ അറിവിനേക്കാളേറെ മററിതര മേഖലയിൽ പ്രത്യേകിച്ച് രാഷ്ട്രീയപക്ഷം ചേരുന്നതിൽ പ്രാവീണ്യം നേടുകയും ചെയ്യുന്നു. ചോദ്യപ്പേർ അടിച്ചുമാററുന്നതും ചോദ്യങ്ങൾക്കുത്തരം പരീക്ഷാ ഹാളിൽനിന്നുതന്നെ ചോദിച്ചു ഉത്തരം എഴുതുന്നതും തന്റെ സംഘത്തിലുള്ള

വർക്ക് പരീക്ഷാ ഹാളിലേക്ക് ഉത്തരം പറഞ്ഞു കൊടുക്കാനുള്ള ശ്രമവുമൊക്കെ ഇത്തരം അരാഷ്ട്രീയ മേഖലയിലെ സംഘം ചേർന്നുള്ള താത്പര്യങ്ങളിൽ നിന്നും ഉടലെടുക്കുന്നതാണ്. സ്വന്തം വിദ്യഭ്യാസ മേഖലയിലെ പരീക്ഷയിൽ മാത്രമല്ല തുടർന്നു വരുന്ന പബ്ലിക് സർവ്വീസ് കമ്മീഷൺ ഉൾപ്പെടെയുള്ള മേഖലയിലും ഇത്തരം വഴിയിലുടെ ജീവിത വിജയം നേടാനുള്ള ശ്രമങ്ങൾ കാണാവുന്നതാണ്. അതുവഴി നേട്ടങ്ങൾ കൊയ്യുന്ന രാഷ്ട്രീയ യുവത സ്വാഭാവികമായും സമൂഹത്തിലെ മററു കുട്ടികളോടും മോശമായി പെരുമാറാൻ തയ്യാറാകുന്നു.

തെററായ രാഷ്ട്രീയ ചിന്താഗതിയിലൂന്നിയ മേൽകോയ്മയിലൂടെ നേട്ടങ്ങൾ നേടിയെടുത്തിട്ടുള്ളവർ നമ്മുടെ സമൂഹത്തെ നയിക്കുമ്പോൾ കുട്ടികളോടുള്ള പീഡനം നമ്മുടെ സമൂഹത്തിൽ നിന്നു ഒഴിവാക്കാൻ പ്രയാസം തന്നെയാണ്. ഇത്തരക്കാർ സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നതിനാൽ കുട്ടികളിൽ കൂടുതലായി ആത്മസങ്കർഷം ഉണ്ടാവുകയും അതു നമ്മുടെ കുട്ടികളെ തെററായ കൂട്ടുകെട്ടുകളിലേക്ക് നയിക്കുകയും ചെയ്യുന്നു. ഇത്തരം തെററായ സാഹചര്യങ്ങൾ മൂലമുണ്ടാകുന്ന ആത്മസംഘർഷം കുട്ടികൾ ഒളിച്ചു പോകാനുമൊക്കെ ഉള്ള പ്രവണതയിലേക്ക് നയിക്കുന്നു. കേരളത്തിലെ കുട്ടികളുടെ ആത്മഹത്യാ നിരക്ക്



ഒരു വർഷത്തിൽ മൂന്നൂറ് എന്ന് കണക്കാക്കിയിരിക്കുന്നു. നമ്മുടെ കുട്ടികൾക്ക് എന്തു സംഭവിക്കുന്നു എന്നതു തന്നെയാണ് കൂടുതൽ പഠനങ്ങൾ ആവശ്യമായി വരുന്നത്.

കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ തമ്മിലുള്ള സംയമനത്തോടു കൂടിയുള്ള സംസാരവും പലവിധ കാരണങ്ങളാൽ കുറഞ്ഞു വരികയാണ്. എല്ലാത്തിനും രാഷ്ട്രീയമാണ് പരിഹാരം എന്നു ചിന്തിക്കുന്ന സമൂഹമായി കേരളം മാറുന്നതിനാൽ വളരെ പ്രാധാന്യം കൊടുക്കേണ്ട കുട്ടികളെ ബാധിക്കുന്ന വിഷയങ്ങൾ പോലും രാഷ്ട്രീയത്തിലൂടെ പരിഹരിക്കാം എന്നും നല്ലൊരു വിഭാഗം മാതാപിതാക്കളും കരുതുന്നു.

കുടുംബത്തിൽ മപ്രസിദ്ധീകരണങ്ങൾ ചെലുത്തുന്ന സ്വാധീനം പോലെതന്നെയാണ് മസീരിയലുകളും തെററായ സ്വാധീനം ചെലുത്തുന്നത്. അത് കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ തമ്മിലുള്ള സംസാരവും ആശയങ്ങൾ കൈമാറുന്നതും കുറക്കുന്നു മാത്രമല്ല. നമ്മുടെ തരള വാസനകളെ പ്രോത്സാഹിപ്പിച്ച് ദുഷിച്ച ചിന്തകൾക്കും ദുഷിച്ച പ്രവണതകൾക്കും വഴിവക്കുന്നു.

## 3. ഇ-പുസ്തകങ്ങളും ഇ-ചിത്രങ്ങളും

രാജഭരണവും ബ്രിട്ടീഷ് ഭരണവും ജനാധിപത്യ ഭരണവുമൊക്കെയായി ഭരണക്രമങ്ങൾ മാറുകയാണ്. അതോടൊപ്പം തന്നെ എല്ലാവിധ മേഖലകളിലും മാററങ്ങൾ വന്നു ചേരുന്നു. കാളവണ്ടിയും കലപ്പയും തുടങ്ങി താളിയോല വരെ പ്രതാപത്തിന്റെ നാളുകളായി കഴിഞ്ഞിരുന്നു. അവിടെ നിന്നാണ് കടലാസും മഷിയുമൊക്കെ മാററത്തിനായി മാറിക്കൊടുത്തത്. അച്ചടിച്ച പുസ്തകങ്ങൾ സമൂഹത്തിലെ വഴിമാറാത്ത ഏടുകളായി എക്കാലവും നിലനിൽക്കും എന്നു കരുതാനും വയ്യ.

അച്ചു നിരത്തിയുള്ള ശ്രമകരമായ അച്ചടി ഇന്നിപ്പോൾ എളുപ്പമായിരിക്കുകയാണ്. ഒരു കാലത്ത് തങ്ങൾ പറയുന്നതാണ് കഥയെന്നും കവിതയെന്നും വിശകലനങ്ങളെന്നും കരുതിയിരുന്നവർ അത്തരം ഉള്ളടക്കങ്ങൾ പുസ്തകങ്ങളുടെ തന്നെ നിലവാരമായി കണ്ടിരുന്നു. ഇന്നിപ്പോൾ പുസ്തക പ്രസിദ്ധീകരണ ശാലകൾ കരുതുന്ന നിലവാരമില്ലെങ്കിലും പ്രസിദ്ധീകരണം എളുപ്പമായതോടെ പലവിധത്തിലുള്ള ആശയങ്ങൾ കഥയായും കവിതയായും വിശകലനങ്ങളായും വായനക്കാരുടെ മുന്നിലെത്തി. ഏതാണ് ശരിയായ കഥയെന്നും ഏതാണ് ശരിയായ കവിതയെന്നും ഏതാണ് ശരിയായ വിശകലന ക്രമമെന്നൊക്കെ തീരുമാനിക്കാനുള്ള അവകാശം പ്രസിദ്ധീകരണക്കാരിൽ നിന്നും

വായനക്കാരനിലായി. തിരക്കുപിടിച്ച ജീവിതത്തിൽ ഏതാണു നല്ലത് ഏതാണ് മോശം എന്നു തിട്ടപ്പെടുത്തുവാനുള്ള അവസ്ഥയിലുമല്ല വായനക്കാരൻ. അതുകൊണ്ടുതന്നെ പലപ്പോഴും വാണിജ്യപരമായ തന്ത്രങ്ങൾ സ്വീകരിക്കപ്പെടുന്നിടത്ത് പല പുസ്തകങ്ങളും വായിക്കപ്പെടുകയും ശ്രദ്ധിക്കപ്പെടേണ്ടവയെന്നു തോന്നുന്നവ ശ്രദ്ധിക്കപ്പെടാതെ പോവുകയും ചെയ്യുന്നു.

ഒരുതലമുറ ഏറെ ഇണങ്ങിപ്പോയിരുന്ന രീതികൾ മാറിമറിയുമ്പോൾ ഏറെ ബുദ്ധിമുട്ടിലാകുന്നതും ആ തലമുറ തന്നെയാണ്. മാററങ്ങൾ പുതുതലമുറ വേഗത്തിൽ ആവാഹിക്കുകയും ചെയ്യുന്നു. തലമുറ തലമുറകളായി മാററങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്നു എന്നതിനാൽ പഴുത്ത ഇല വീഴുമ്പോൾ പച്ച ഇല ചിരിക്കുന്നു എന്നു പറയുന്നതു പോലയൊ ആകുന്നുള്ളൂ കാര്യങ്ങൾ.

പുസ്തകങ്ങളുടെ കാര്യത്തിലാണെങ്കിൽ ഇ – പുസ്തകങ്ങൾ വായനക്കായി പുതുതലമുറ ഏറെറടുക്കുമ്പോൾ പഴയ തലമുറക്ക് തങ്ങളുടെ ശൈലിയെ ഉപേക്ഷിക്കാൻ വയ്യാതാവുന്നു. അച്ചടിച്ച പുസ്തകങ്ങളോടുള്ള തലമുറയിലെ വായനക്കാരനുള്ള ആർത്തി അവസാനിക്കുന്നില്ലെങ്കിലും ഇ പുസ്തകങ്ങളെ നെഞ്ചോടു ചേർക്കാൻ പുതുതലമുറ ശ്രമിക്കുന്നു. വായനയുടെ കാര്യ

ത്തിൽ ഇ-പുസ്തകങ്ങൾ പലവിധ സാധ്യതകളാണ് തുറന്നു തരുന്നത്. കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന ഒരേ ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി ലക്ഷക്കണക്കിന് പുസ്തകങ്ങളുടെ കോപ്പികൾ തയ്യാറാക്കിയിരുന്നിടത്ത് ഇ-പുസ്തകങ്ങൾ വരുന്ന തോടുകൂടി ഒരു പുസ്തകം തന്നെ ലക്ഷക്കണ ക്കിനു വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻ സാധ്യ മാകുന്നു. അപ്പോഴും ക്ലാസ്സ് കൈകാര്യം ചെയ്യുന്ന അദ്ധ്യാപകൻ ഇ - പുസ്തകത്തിന്റെ വരവോടെ ക്ലാസ്സ് എടുക്കാനുള്ള രസം നഷ്ടപ്പെട്ടതായി പരാതി പറഞ്ഞേക്കാം.

ഇ - പുസ്തകങ്ങളുടെ വരവോടെ അറിവിന്റെ വിന്യാസം വ്യാപകമാക്കാൻ കഴിയു മെങ്കിലും വിരൽ തുമ്പിൽ അറിവ് പോലെ തെററിദ്ധരിക്കപ്പെടലുകൾക്കും സാധ്യതകൾ ഏറി വരുന്നു. ലൈംഗീക വിദ്യാഭ്യാസമുൾപ്പടെയുള്ള ശാസ്ത്രിയമായ പഠന പദ്ധതികളും പഠന മേഖല കളും ഏതേത് പ്രായത്തിൽ ഉൾപ്പെടുത്തേണ്ടതു ണ്ടെന്നും തീരുമാനിക്കപ്പെടേണ്ടിയിരിക്കുന്നു. കൂടുതൽ കൂടുതൽ ചാനലുകൾ ടി.വി.യിൽ വീടു കളിലെ അകത്തളത്തിൽ ലഭിക്കുന്നതുപോലെ വൈവിധ്യമാർന്ന ഇന്റർനെററ് സൈററുകളും സമൂഹത്തിലെ കുട്ടികളെ അപകടകരമായ കെണിയിൽപ്പെടുത്തുവാനുള്ള സാധ്യതകൾ തള്ളിക്കളയാനാകുന്നതല്ല. മ - പ്രസിദ്ധീകരണങ്ങ

ളിൽ താൽപ്പര്യം പ്രകടിപ്പിച്ചിരുന്നവർ മ-സീരിയലുകളിലേക്ക് വഴിമാറുകയാണുണ്ടായത്. കരച്ചിലും സെന്റിമെൻസുമൊക്ക പരിധിക്കപ്പുറം വ്യക്തിത്വങ്ങളെ സ്വാധീനിച്ച് ശരിയേത് തെറേറത് എന്നറിയാതെ വഴിയാധാരമാക്കുന്നു എന്നതാണ് മ-പ്രസിദ്ധീകരണങ്ങളും മ-സീരിയലുകളുമൊക്കെ ചെയ്തു കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരം പ്രസിദ്ധീകരണങ്ങളും സീരിയലുകളുമൊക്കെ നിരുത്സാഹപ്പെടുത്തേണ്ടത് തന്നെയാണ്.

കോവിഡ് കാലഘട്ടത്തിൽ വിദ്യാർത്ഥികളുടെ കൈവശം മുഴുവൻ സമയവും എത്തിപ്പെട്ടിരിക്കുന്ന ഇന്റർനെററ് സംവിധാത്തോടെയുള്ള ആധുനിക ഉപകരണങ്ങൾ ഏതുതരം പ്രത്യാഘാതങ്ങളാണ് സമൂഹത്തിൽ വരുത്തി വയ്ക്കുക എന്നതും ആകാംക്ഷ ഉണ്ടാക്കേണ്ട കാര്യം തന്നെയാണ്.

ചുരുക്കത്തിൽ ഇ —പുസ്തകങ്ങളായാലും ഏതുതരം ഇ-സംവിധാനങ്ങളായാലും അവയെല്ലാം ചിട്ടയായി വ്യക്തിത്വത്തിനും സമൂഹ മേന്മക്കും കോട്ടം തട്ടാത്തവിധം ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. കമ്പ്യൂട്ടറിലും മൊബൈലിലും ടി.വിയിലും അത്യാവശ്യം കുറഞ്ഞ സമയം നോക്കുകയുള്ളൂവെങ്കിൽ കണ്ണിനു മാത്രമല്ല മനസ്സിനും ശരീരത്തിനും പലവിധ ആരോഗ്യ പ്രശ്ന

ങ്ങളിൽ നിന്നും മാനസിക പ്രശ്നങ്ങളിൽനിന്നും രക്ഷപെടാനാവുന്നതാണ്. കമ്പ്യൂട്ടറിലേയും മൊബൈലിലേയും നല്ലവശം ഉൾക്കൊള്ളാത്ത വീഡിയോകൾ തുടരെ തുടരെ കാണുന്നതു കൊണ്ട് ഉണ്ടായേക്കാവുന്ന സ്വഭാവ രൂപീകരണം വരുംകാലങ്ങളിലെ തലമുറ അഭിമുഖീകരിച്ചേക്കാവുന്ന വലിയ വിഷയങ്ങൾ തന്നെയാകാനും മതി.



## 4. സന്യസ്തരുടെ ആത്മഹത്യാ നിരക്ക്

കേരളത്തിലെ ജനസംഖ്യയുടെ 18% ക്രിസ്ത്യൻ സമുദായമാണ്. കേരളത്തിന്റെ സാമ്പത്തിക, കാർഷിക, വ്യവസായിക മേഖലകളിലെ വളർച്ചയിൽ മററിതര സമുദായങ്ങളോട് തോളൊപ്പം ക്രിസ്ത്യൻ സമുദായവും പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ ആതുര സേവന മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ഏറെക്കുറെ മററു സമുദായങ്ങളോട് കിടപിടിക്കുംവിധം അസൂയാവഹമായ മുന്നേററം നടത്തുവാൻ ക്രിസ്റ്റ്യൻ സമുദായത്തിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ പള്ളികളോടൊപ്പം പള്ളിക്കൂടം എന്ന പേരിലാരംഭിച്ച വിദ്യാഭ്യാസ മേൽക്കോയ്മ കേരളത്തിനെ ഈ നൂററാണ്ടിനൊത്തവിധം രൂപപ്പെടുത്തുന്നതിൽ വ്യക്തമായ പങ്കു വഹിച്ചിട്ടുണ്ട്.

കേരളത്തിൽ രൂപപ്പെട്ട രാഷ്ട്രീയ ചിന്താഗതി നമ്മുടെ വ്യവസായിക വളർച്ചയെ തളർത്തുകയും ചെയ്തു. ഉയർന്ന വിദ്യഭ്യാസ സാഹചര്യം ഉള്ളതിനാൽ കേരളത്തിൽ നിന്നും അറബി നാടുകളിലേക്കും യൂറോപ്പ്യൻ നാടുകളിലേക്കുമൊക്കെ മനുഷ്യ വിഭവശേഷി കയററുമതി ചെയ്യപ്പെടുന്ന സംസ്ഥാനമായി കേരളം രൂപപ്പെട്ടു. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ ഇത്തരം വിദേശപ്പണം ഉളവാക്കിയ സ്വാധീനം സമൂഹത്തിന്റെ ജീവിത ക്രമത്തെ വലിയ ആഘാതമേൽപ്പിക്കാതെ മുന്നോട്ട്

കൊണ്ട് പോകുവാൻ സാധിച്ചു. ഭാരതത്തിലെ ജനസംഖ്യയുടെ 4% ശതമാനം വരുന്ന ക്രിസ്ത്യാനിററി എണ്ണം പറഞ്ഞ വിദ്യാഭ്യാസ, ആശുപത്രി സ്ഥാപനങ്ങളോടൊപ്പം ഓർഫനേജ് പോലുള്ള ചാരിററി സ്ഥാപനങ്ങളുമൊക്കെയായി മുന്നേററം തുടരുകയാണ്. ക്രിസ്ത്യാനിററിയിലെ സന്യാസിനികളുടെ സേവനം ഇത്തരം സ്ഥാപനങ്ങളുടെ വളർച്ചയിൽ വല്ലാതെ സ്വാധീനം വഹിച്ചിട്ടുണ്ട്. കാത്തലിക് വിഭാഗങ്ങൾക്കിടയിലെ പുരോഹിതന്മാരും മററു സന്യാസിനിമാരും വിവാഹം കഴിക്കാത്തവരാണ് എന്നതുകൊണ്ടു തന്നെ ഇത്തരം ചാരിററി പ്രവർത്തനങ്ങളിൽ മുഴുവൻ സമയ ആത്മീയാംശം ഉൾക്കൊണ്ടു കൊണ്ടു മുന്നേറാൻ കഴിയുന്നു.

വിദ്യാഭ്യാസ മേഖലയിലെ അച്ചടക്കകുറവ് സമൂഹത്തിന്റെ മനോവീര്യത്തെ വല്ലാതെ ബാധിച്ചിരിക്കുന്നു എന്നു പറയേണ്ടി വരുന്നു. കേരളത്തിലെ ആത്മഹത്യാ നിരക്ക് ഒരു ലക്ഷത്തിന് 24 എന്നാണെങ്കിൽ ഇന്ത്യയിലെ ശരാശി ആത്മഹത്യാ നിരക്ക് പത്തു മാത്രമാണ്. അതായത് കേരളത്തിൽ ഒരു ലക്ഷം പേരിൽ ഇരുപത്തിനാലുപേർ ആത്മഹത്യ ചെയ്യുന്നു എന്നർത്ഥം. കേരളത്തിലെ കുട്ടികളുടെ ആത്മഹത്യാ നിരക്ക് തന്നെ ഒരു വർഷത്തിൽ മുന്നൂറ് എന്ന് കണക്കാക്കപ്പെടുന്നു.



നീണ്ടകാലം സന്ന്യസ്തം സ്വീകരിക്കണമൊ വേണ്ടയൊ എന്നു തീരുമാനിക്കാനുള്ള അവസരം ക്രിസ്റ്റ്യൻ സന്യസ്തർക്ക് ലഭിക്കുന്നുണ്ടെങ്കിലും ഇടക്ക് വച്ച് പുറത്തേക്കിറങ്ങിയാൽ കടിച്ചു കീറാൻ തയ്യാറായി നിൽക്കുന്ന സമൂഹം അവരെ ആശങ്കാ കുലരാക്കുന്നു. ജീവിച്ചു പോകാനുള്ള തൊഴിൽ സാധ്യതകൾ എന്നത് കേരളത്തിൽ ഏറെക്കുറെ സർക്കാർ മേഖല എന്നായി പരിണമിച്ചു പോയിരി ക്കുന്നതിനാൽ ഭാവിയെപ്പററിയുള്ള ആശങ്ക കേരള ത്തിലെ മൊത്തം സമൂഹത്തെ ബാധിച്ചിട്ടുമുണ്ട്.

ഈയടുത്ത നാളുകളിൽ കേരളത്തിലെ കുട്ടികളുടെ ആത്മഹത്യാ നിരക്കുപോലെ അമ്പരപ്പിക്കുന്നതാണ് ക്രിസ്ത്യൻ സന്യസ്തരുടെ ദുരൂഹ സാഹചര്യത്തിലെ മരണ നിരക്ക്. മാന്യ മായ വ്യക്തിത്വങ്ങളെ ആക്ഷേപിക്കുന്നതിലും അത്തരം പ്രചരണങ്ങളിലൂടെ അധികാരത്തിന്റെ അകത്തളത്തിൽ എത്തിപ്പെടുന്നതുമൊക്ക ഇന്ന് സംസ്ഥാനത്ത് പതിവായിരിക്കുകയാണ്. അതു കൊണ്ടു തന്നെ ഇത്തരം മരണങ്ങൾ മററു പലവിധ പ്രചാരണങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. വിദ്യാഭ്യാസത്തിലും ഉയർന്ന ചിന്തയിലും മേൽക്കോയ്മയുള്ള ഈ സന്യസ്തർ ഇവിടെ നിന്നും സന്യസ്ത ജീവിതം ഉപേക്ഷിക്കുകയാ

ണെങ്കിൽ കൂടി സമൂഹത്തിലെ മേലെക്കിടയിൽ എത്തിപ്പെടാൻ യോഗ്യതയുള്ളവരാണ്.

കേരളത്തിലെ ആത്മഹത്യാ നിരക്ക് ഒരു ലക്ഷത്തിന് ഇരുപത്തിനാല് എന്നിരിക്കെ അതിനു കാരണമാകുന്ന അസംതൃപ്തമായ മനസ്സ് കണ്ടെ ത്തപ്പെടേണ്ടതുണ്ട്. ക്രിസ്ത്യൻ സന്യസ്തർക്കിട യിലും അസംതൃപ്തമായ മനസ്സ് രൂപപ്പെട്ടിട്ടുണ്ടെ ങ്കിലും അത് ആത്മഹത്യയിലേക്ക് നയിക്കാൻ കഴിയുംവിധം വളർന്നിട്ടുണ്ടെങ്കിലും അത് പരിഹ രിക്കപ്പെടേണ്ടത് തന്നെയാണ്. വളർന്നു വരുന്ന മാധ്യമ സംസ്ക്കാരവും ടി.വിയും കമ്പ്യൂട്ടറും മൊബൈലുമൊക്ക ഉത്തമമായ സമൂഹ്യ വളർച്ച ക്കുതകുംവിധമല്ല നമ്മുടെ കുട്ടികളേയും സമൂഹ ത്തേയും വളർത്തിയെടുക്കുന്നത് എന്ന് പറയേണ്ടി വരുന്നു.

## 5. സാമൂഹ്യ സുരക്ഷ

ലോകാരംഭം മുതൽക്കുതന്നെ മനുഷ്യന്റെ വിശേഷ ബുദ്ധിക്കനുസരിച്ചുള്ള പ്രവൃത്തികൾ സാമൂഹ്യ സുരക്ഷക്കായി ചെയ്തു വരുന്നു.

തൊഴിലുറപ്പ്, ഭക്ഷ്യസുരക്ഷ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത്-നഗരപാലിക ബിൽ വഴി ലഭ്യമായ കൂടിയ അധികാരങ്ങൾ തുടങ്ങിയവയെല്ലാം നമ്മുടെ സമൂഹത്തിലെ വളർച്ചാ നിരക്ക് വർദ്ധിപ്പിക്കാൻ ഏറെ സഹായക മായി.

കാലാവസ്ഥയിലും പ്രകൃതിയിലും തുട രുന്ന മാററങ്ങളോടൊപ്പം പ്ലാസ്റ്റിക് ഉപയോഗവും പ്രകൃതിയെ ചൂഷണം ചെയ്യുന്ന പ്രവൃർത്തികളും മനുഷ്യന് ദോഷകരമായ രാസപ്രയോഗങ്ങളു മൊക്കെ സാമൂഹ്യ സുരക്ഷയുടെ ശരിയായ ദിശാ ബോധത്തെ തകർക്കുന്നവയാണ്. നമ്മുടെ പൊതു വിതരണ സമ്പ്രദായം കാലഘട്ടത്തിനൊത്ത് ശക്തി പ്രാപിക്കേണ്ടത് അത്യന്താപേക്ഷിതം തന്നെയാണ്.

സാമൂഹ്യ സുരക്ഷയോടൊപ്പം നട പ്പിലാക്കേണ്ടതും സാമൂഹ്യ സുരക്ഷയോടൊത്തു ചേർന്നു പോകേണ്ടതുമായ ഒട്ടനവധി നിയമങ്ങൾ പ്രയോഗത്തിൽ വരുമ്പോൾ സമൂഹം അതിനെ ആശങ്കയോടെ നോക്കി കാണുകയും അവയെ

ചോദ്യം ചെയ്യുന്നതും സമൂഹത്തിന്റെ ശരിയായ വളർച്ചയെ തളർത്തുന്നു. നടപ്പിലാക്കാൻ ശ്രമിച്ച കെട്ടിട നിയമങ്ങൾ ചോദ്യം ചെയ്യപ്പെട്ടതും അവ ദരിദ്രരായ സമൂഹത്തിന്റെ വളർച്ചയെ തടയുകയുമാണ് എന്ന വാദഗതിയുമെല്ലാം സാമൂഹ്യ സുരക്ഷയുടെ ശരിയായ വളർച്ചയെ ചോദ്യം ചെയ്യുന്നതായിരുന്നു. കെട്ടിട നിയമങ്ങൾ സമൂഹത്തിൽ നടപ്പിലാക്കുകവഴി ഒത്തിരി സമാധാന പ്രശ്നങ്ങളെ പരിഹരിക്കാനും അതുവഴി സമൂഹത്തിൽ സമാധാനം നിലനിർത്താനും കഴിഞ്ഞത് പ്രത്യേകം എടുത്തു പറയേണ്ടവയാണ്.

നമ്മുടെ രാജ്യത്ത് ആധാർ സംവിധാനം നടപ്പിലാക്കാനുള്ള ശ്രമങ്ങളെ ഒരു വിഭാഗം ആളുകൾ ആശങ്കയോടെയാണ് ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചത്. അങ്ങനെ നോക്കുമ്പോൾ സാമൂഹ്യ സുരക്ഷയോടൊപ്പം അതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട ഒത്തിരി ഒത്തിരി കാര്യങ്ങൾ ജനങ്ങളിൽ ആശങ്ക കുത്തി നിറച്ച് അട്ടിമറിക്കാനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്.

കേരളത്തിലെ ഭൂമികൾ തുണ്ടു തുണ്ടായി വിഭജിച്ചതോടെ ഭൂമിയുടെ വിലകൾ കൃത്രിമമായി വർദ്ധിപ്പിക്കാനുള്ള ചില ലോബികളുടെ ശ്രമങ്ങൾ ഫലം കണ്ടതും നമ്മുടെ സാമൂഹ്യ സുരക്ഷയെ

പിന്നോട്ടടിക്കുന്നതാണ്. അത്തരം ശ്രമങ്ങളെ കാലോചിതമായി തടയുന്നതിൽ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ പരാജയപ്പെട്ടത് മാപ്പർഹിക്കാത്ത കാര്യം തന്നെയാണ്. കേരളത്തിൽ വളരെ ചെറിയ നാളുകൾകൊണ്ടാണ് നൂറും ആയിരവുമൊക്കെ ഇരട്ടിയായാണ് ഭൂമി വില വർദ്ധിച്ചത്. അതു കൊണ്ടു തന്നെ അഞ്ചുസെന്റു ഭൂമി വാങ്ങി വീട് വെക്കുക എന്നത് സാധാരണക്കാരന് അസാധ്യ മായി മാറി. ഇത്തരം മാപ്പർഹിക്കാത്ത ഭരണ നേതൃത്വങ്ങൾ സമൂഹത്തിന്റെ സാമൂഹ്യ സുരക്ഷ എന്ന കുതിപ്പിനെ തളർത്തുന്നവരാണ്.

കേരളത്തിൽ നടപ്പിലാക്കിയ ലക്ഷം വീട് പദ്ധതിയെപ്പററി അക്കാലത്ത് പറഞ്ഞു കേട്ടിരുന്നത് അത്തരക്കാർക്ക് തൊഴിൽ കൊടുത്ത് വീട് സ്വന്തമാ ക്കാൻ അവരെ പ്രാപ്തരാക്കുക എന്നതാണ്. വസ്ത്രം, വീട്, ഭക്ഷണം, മരുന്ന്, പ്രായമായ വരെയും കുട്ടികളുടേയും അവകാശങ്ങൾ എന്നിവ യെല്ലാം ലഭ്യമാക്കി സാമൂഹ്യ സുരക്ഷ ഉറപ്പാക്കേ ണ്ടതുണ്ട്.

കേരളത്തെപ്പോലെ മനോഹരമായ കാലാ വസ്ഥ നിലനിൽക്കുന്ന മറേറതെങ്കിലും രാജ്യത്ത് ഇത്തരത്തിലുള്ള മദ്യാസക്തിയുണ്ടോ എന്ന കാര്യം സംശയം തന്നെയാണ്. മാറി മാറി വരുന്ന

രാഷ്ട്രിയ ഭരണ നേതൃത്വങ്ങൾ കേരളത്തെ മദ്യത്തിൽ മുക്കി അവയിൽ നിന്നു ലഭിക്കുന്ന പണം കൊണ്ട് സാമൂഹ്യ സുരക്ഷ നടപ്പാക്കാനുള്ള ശ്രമത്തിലാണ്. ഇവയെല്ലാം സാമൂഹ്യ സുരക്ഷ അനന്തമായി തുടരാനെ സഹായിക്കുകയുള്ളൂ. അടിസ്ഥാന ജനവിഭാഗത്തിന്റെ ധാർമികതയും സമ്പത്തും ആരോഗ്യവും നശിപ്പിച്ചു കൊണ്ടുണ്ടാക്കുന്ന സാമൂഹ്യ സുരക്ഷാ പ്രവൃത്തികൾ യഥാർത്ഥ സാമൂഹ്യ സുരക്ഷയല്ലെന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം വ്യവസായ സ്ഥാപനങ്ങൾക്ക് അനുയോജ്യമായ അന്തരീക്ഷമല്ല നിലനിൽക്കുന്നത്. ഏതാനും പൊതുമേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പിനായും സർക്കാർ ജീവനക്കാരെ പരിപോഷിപ്പിക്കാനുമായി നമ്മുടെ സംസ്ഥാന ഖജനാവ് ഏതാണ്ട് പൂർണ്ണമായും കാലിയാക്കുന്നതിനാൽ സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷക്കു വേണ്ടിയുള്ള പ്രയത്നം സഫലമാക്കാനാവാതെ തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു.

# 6. മാലിന്യ നിർമ്മാർജ്ജനം

ഈ നൂററാണ്ടിലെ ലോകം നേരിടുന്ന പ്രധാന പ്രതിസന്ധികളിലൊന്നാണ് മാലിന്യ നിർമ്മാർജനം. കേരളവും നേരിടേണ്ടി വരുന്ന വലിയ വിപത്തുകളിലൊന്നാണ് മാലിന്യ നിർമ്മാർജ്ജനം.

പൈപ്പുവഴിയുള്ള കുടിവെള്ളത്തെ ആശ്രയിക്കുന്ന കേരളത്തിലെ നല്ലൊരു വിഭാഗം നേരിടുന്ന പ്രതിസന്ധിയാണ് ഫാക്ടറി മാലിന്യം. ഫാക്ടറി മാലിന്യങ്ങൾ പുഴയിലേക്ക് തള്ളുക വഴി അതു നല്ലൊരു വിഭാഗം ജനതയുടെ കുടിവെള്ളത്തെ ദോഷകരമായി ബാധിക്കുന്നു. പുഴയിലും മററും തള്ളുന്ന ഫാക്ടറി മാലിന്യങ്ങൾ അതിലെ ജീവജാലങ്ങൾക്കും ദോഷകരമായി ബാധിക്കുകയും പലവിധ ജീവജാലങ്ങൾക്കും വംശനാശം സംഭവിക്കുകയും ചെയ്യുന്നു. ഇത്തരം പുഴകളിലെ മത്സ്യങ്ങൾ ഭക്ഷിക്കുക വഴി മനുഷ്യനും രോഗങ്ങൾ പിടിപെടുന്നു.

രാഷ്ട്രീയ ഭരണകൂടങ്ങൾ പലവിധ പ്രലോഭനങ്ങളുടെ ഭാഗമായി ഇത്തരം ഫാക്ടറി മാലിന്യങ്ങൾ വെള്ളത്തിൽ കലരുന്നത് കണ്ടില്ലെന്നു നടിക്കുന്നു.ഇപ്പോഴുള്ള തലമുറക്കു പുറമെ ജനിക്കുന്ന തലമുറക്കും വരുത്തിവെക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ജനവാസ മേഖലയിൽ കുടിവെള്ള

ത്തിൽ എൻഡോസൾഫാൻ കലർന്നതുമൂലമൊക്കെയുള്ള പ്രതിസന്ധി കേരള ജനത അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കടുത്ത നിയമങ്ങൾ ഫാക്ടറീസ് ആക്ടിൽ നടപ്പിൽ വരുത്തി ഫാക്ടറി മാലിന്യങ്ങൾ പുഴകളിലും കായലുകളിലും തള്ളുന്നതു തടയുക എന്നതാണ് പരിഹാരമായി പറയാനുള്ളത്.

പ്ലാസ്റ്റിക് മാലിന്യമാണ് ഓരോ വർഷം ചെല്ലുമ്പോറും വർദ്ധിക്കുന്നതും സമൂഹം നേരിടുന്നതുമായ മറെറാരു പ്രതിസന്ധി. അജൈവ്യ മാലിന്യങ്ങളായി അഴുകാതെയും അഴുകുന്നവയുടെ കവചമായി നിലകൊണ്ടുമൊക്കെ മററിതര രോഗങ്ങൾക്ക് കാരണമാകുന്ന പ്ലാസ്റ്റിക് മാലിന്യം സംസ്ക്കരിക്കാനും അവ ശേഖരിക്കാനും ആവശ്യമായ നടപടികൾ സർക്കാൻ – തദ്ദേശ ഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ നാട്ടിൽ പ്ലാസ്റ്റിക് കിററുകൾ നിരോധനം കർശനമാക്കുക എന്നതാണ് പറയുവാനായിട്ടുള്ളത്. റീ–സൈക്ലിംഗ് നടപ്പാക്കാൻ കഴിയാത്ത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പരമാവധി ഉൽപ്പാദനം നിരോധിച്ച് പ്ലാസ്റ്റിക് മൂലമുണ്ടാകുന്ന മാലിന്യം പരിഹരിക്കാവുന്നതാണ്.

ജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കാൻ ഓരോ കുടുംബവും തയ്യാറാകേണ്ടതുണ്ട്. കംബോസ്റ്റ് വളനിർമാണം വഴി ചെടികൾക്കും കൃഷിക്കുമൊക്കെ ജൈവ മാലിന്യങ്ങൾ ഫലപ്രദ മായി ഉപയോഗിച്ച് പ്രശ്നങ്ങൾ പരിഹരിക്കാവുന്ന താണ്. വലിയ വിസ്താരമുള്ള പ്ലാററുകളും വില്ല കളും വലിയ ചുററളവുകളുള്ള വ്യവസായ, വാണിജ്യ സ്ഥാപനങ്ങളുമൊക്ക നിർമ്മിതിയിൽ തന്നെ ആവശ്യമായ ജൈവ, പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്ക്കരിക്കാനാവശ്യമായ സംവിധാനങ്ങൾ നിയമം മൂലം കർശനമാക്കേണ്ടതും അവ കാര്യ ക്ഷമമായി നടപ്പാക്കുന്നു എന്നു ഉറപ്പു വരുത്തേണ്ട തുമാണ്.

ശുചിമുറി മാലിന്യങ്ങൾ ശരിയായ രീതി യിൽ സംസ്ക്കരിക്കാനാവശ്യമായ സംവിധാന ങ്ങൾ ഒരുക്കുകയൊ, മാലിന്യങ്ങൾ സംഭരിക്കുന്ന വർക്ക് സംസ്ക്കരിക്കാനാവശ്യമായ സഹായം സർക്കാർ തലത്തിൽ ചെയ്തു കൊടുത്തുകൊണ്ടോ ശുചിമുറി മാലിന്യങ്ങളുണ്ടാ ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

ഒരു വിഭാഗം ജനങ്ങളുടെ ജീവിത നിലവാരം ഉയർച്ച പ്രാപിക്കുന്നതോടുകൂടി ഉപയോഗപ്രദമായ പലവിധ ഉപകരണങ്ങളും മാററി അവർ പുതിയവ

തിരഞ്ഞെടുക്കുന്നു. പഴയ ഉപയോഗ പ്രദമായ ഉപകരണങ്ങൾ മാലിന്യങ്ങളായി മാററാതെ അവയെ മററിതര ജനവിഭാഗത്തിന് ആവശ്യമെങ്കിൽ ലഭ്യമാക്കാനുള്ള സൗകര്യം തദ്ദേശ ഭരണ സ്ഥാപനങ്ങളൊ സർക്കാർ സംവിധാനങ്ങളൊ ഒരുക്കേണ്ടതാണ്.അങ്ങനെ മാലിന്യങ്ങളായി കുമിഞ്ഞു കൂടാനിടയുള്ള ഇത്തരം സാധനങ്ങൾ ജനോപകാരപ്രദമായി മാററിയെടുക്കാവുന്നതാണ്.

തദ്ദേശ ഭരണ സ്ഥാപനങ്ങളും സർക്കാരുമൊക്കെ നടപ്പിലാക്കിയ പ്ലാസ്റ്റിക് കിററ് നിരോധനം കർശനമായി തുടരുക എന്നത് വളരെ അത്യന്താപേക്ഷിതമാണ്. പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പരമാവധി ശിക്ഷ നൽകാൻ കേന്ദ്രവും സംസ്ഥാനവും നിയമം കൊണ്ടു വരുക എന്നതും ആവശ്യം തന്നെയാണ്.

ആധുനിക സമൂഹത്തിനെ ഏറെ പ്രതിസന്ധിയിലാക്കുന്നതാണ് ഇവേസ്റ്റ്.ഇവയുടെ സംസ്ക്കരണത്തിൽ സൂക്ഷമായ ശ്രദ്ധയും ജാഗ്രതയും കാണിച്ചില്ലെങ്കിൽ സമൂഹം അടുത്ത തലമുറക്ക് കൈമാറുന്നത് സുഖകരമായ ജീവിതക്രമമുള്ള ലോകമായിരിക്കില്ലെന്ന് ഓർത്തിരിക്കുന്നത് നല്ലതാണ്.

ചുരുക്കത്തിൽ ജനങ്ങൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും സർക്കാരിനും കടുത്ത ശ്രദ്ധയും തികഞ്ഞ അവബോധവുമുണ്ടാകേണ്ട വിഷയമാണ് മാലിന്യ നിർമ്മാർജ്ജനം. കടുത്ത നിയമങ്ങളും കടുത്ത ശിക്ഷയും നടപ്പിലാക്കി വരുംതലമുറയെ രോഗഗ്രസ്ഥമായ സ്ഥിതിവിശേഷ ത്തിലേക്ക് എത്തിക്കാതിരിക്കേണ്ടതിനായി നമ്മൾ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

# 7. സ്ത്രീകളും രാഷ്ട്രീയ നീതിയും

സമൂഹത്തിലെ എല്ലാ മേഖലയിലും തുല്ല്യമായ നീതിയും നിയമവും പരിരക്ഷയും ലഭ്യമാക്കുക എന്നതു തന്നെയാണ് സ്ത്രീകൾക്ക് രാഷ്ട്രീയനീതി ലഭ്യമാക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അതുകൊണ്ടു തന്നെ ഏതെങ്കിലും തരത്തിലുള്ള സംവരണം സ്ത്രീകൾക്ക് കൊടുക്കുക എന്ന പദമല്ല ഇവിടെ വിവക്ഷ ചെയ്യുന്നത്. എല്ലാ തരത്തിലുമുള്ള നീതിയും നിയമവും പരിരക്ഷയും അവകാശങ്ങളും സ്ത്രീക്കു നൽകുന്ന സമൂഹത്തിൽ സ്ത്രീകളോടു മാന്യമായി പെരുമാറാനും സമൂഹം തയ്യാറാകുന്നു.

നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണ സമിതിയിൽ പകുതി സീററ് സ്ത്രീകൾക്ക് സംവരണം ലഭിച്ചു എന്നതു കൊണ്ട് നമ്മുടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മേന്മയുള്ളതായി മാറും എന്നത് അമിത പ്രതീക്ഷ തന്നെയാണ്. ഇരുപതാം നൂററാണ്ടിന്റെ അവസാനം ഭാരതത്തിലെ പാർലമെന്റ് പാസ്സാക്കിയതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നവീകരിക്കുന്ന പഞ്ചായത്ത്-നഗരപാലിക ബിൽ. കേരളവും ആ നിയമം നടപ്പിലാക്കുകയും ചെയ്തു. തത്ഫലമായി ലഭ്യമായ കൂടിയ അധികാരത്തിന്റേയും കൂടിയ പദ്ധതി പണത്തിന്റേയും കൂടിയ വിഭവ സമാഹരണത്തിന്റേയുമൊക്കെ ഫലമായി നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമൂഹത്തിൽ

കൂടുതൽ സ്വാധീനം വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പു നടക്കുന്ന സീററിന്റെ പകുതി ശതമാനം സംവരണം നടപ്പിലാക്കിയത് വഴിയുള്ള സ്ത്രീകളുടെ സാന്നിധ്യമാണ് ഈ വളർച്ചാ നിരക്ക് എന്ന് തെററിദ്ധരിച്ചിട്ടുമുണ്ട്. എന്നിരുന്നാലും നമ്മുടെ ഭരണ സംവിധാനത്തിലെ ഇത്തരം ചെറിയ സഭകളിൽ സ്ത്രീകളുടെ കൂടിയ സാന്നിധ്യം അഭിനന്ദനാർഹമാണ്.

കേരളത്തിലാകട്ടെ ഒരു വ്യവസായിക അന്തരീക്ഷമില്ലാത്തതിനാൽ മെച്ചപ്പെട്ട വ്യവസായങ്ങളും കുറവായി. മററുള്ളവരോടൊപ്പം സ്ത്രീകൾക്കും സ്വന്തമായി സാമ്പത്തിക വരുമാനം ലഭ്യമാകാൻ ആവശ്യമായ തൊഴിൽ ലഭിക്കുവാനുള്ള അവസരങ്ങൾ നിഷേധിക്കുകയാണ് അതു വഴി സംഭവിച്ചത്. വ്യവസായിക അന്തരീക്ഷമില്ലാത്തതിനാൽ സ്ത്രീകൾ ജോലി ചെയ്യുന്ന വ്യവസായങ്ങളും കുറവായതോടെ സ്ത്രീകൾക്കും തൊഴിൽ നിഷേധിക്കുന്ന സമൂഹം തന്നെയാണ് കേരളത്തിൽ നിലനിൽക്കുന്നത്. സ്ത്രീകൾക്കും സ്വന്തമായി സാമ്പത്തിക വരുമാനം ലഭ്യമാകാൻ ആവശ്യമായ തൊഴിൽ ലഭിക്കുവാനുള്ള അവസരങ്ങൾ നിഷേധിക്കുക വഴി കേരളത്തിലെ സ്ത്രീകൾക്ക് രാഷ്ട്രീയ നീതി ലഭ്യമാകുമെന്ന പ്രതീക്ഷയും കുറവായി.

കേരളത്തിൽ ഒരുപക്ഷെ എററവും കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്ന കിററക്സ് പോലുള്ള സ്ഥാപനങ്ങൾക്ക് നേരിടേണ്ടി വരുന്ന ദുഷിച്ച വ്യവസായിക അന്തരീക്ഷം കേരളം ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. പകുതിയിൽ കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് കൂടുതൽ വ്യവസായിക ഇളവുകൾ നൽകി സ്ത്രീ സമൂഹത്തെ സ്വന്തം കാലിൽ നിൽക്കാൻ അവസരമുണ്ടാക്കുക എന്നതാണ് സ്ത്രീകൾക്ക് രാഷ്ട്രീയ നീതി ലഭ്യമാകുന്നതിന് പ്രധാനമായും ചെയ്യേണ്ടത്.

ഒററപ്പെട്ട സ്ത്രീകൾ നമ്മുടെ സമൂഹത്തിൽ വലിയതും പ്രാധാന്യമുള്ളതുമായ സ്ഥാനങ്ങൾ വഹിക്കുന്നതായി കാണാം. ഭാരതത്തെ ഏറെക്കാലവും ഇപ്പോഴും സ്വാധീനം ചെലുത്തുകയും ചെയ്യുന്ന ഇന്ദിരാഗാന്ധി ലോകത്തിനു തന്നെ ലോകക്രമം രൂപപ്പെടുത്തുന്നതിൽ നല്ല സ്ഥാനം വഹിച്ചിട്ടുണ്ട്. ലോകവുമായി താരതമ്യം ചെയ്യുമ്പോൾ ഭാരതത്തിലെ സ്ത്രീകൾക്ക് ലഭിക്കുന്ന രാഷ്ട്രീയ നീതി മററുപല രാജ്യങ്ങളിലെ സ്ത്രീകൾക്ക് ലഭിക്കുന്ന രാഷ്ട്രീയ നീതിയേക്കാൾ മെച്ചപ്പെട്ടതാണ് എന്നു തന്നെ സമ്മതിക്കേണ്ടിയിരിക്കുന്നു.

നിലവിലുള്ള രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ നേരിട്ടുള്ള ബന്ധുത്വമുള്ളവരാണ് ഇന്ന് കേരള രാഷ്ട്രീയ ഭരണ നേതൃത്വങ്ങളിലേക്ക് എത്തിപ്പെടുന്ന സ്ത്രീകളിൽ നല്ല പങ്കും. സംഘം ചേർന്നുള്ള കൊള്ളയടിക്കാണ് നമ്മുടെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ ഏറെക്കുറെ പ്രാമുഖ്യം നൽകുന്നത് എന്നു കാണാം.

കേരളത്തിലെ ജീവിത ചിലവ് പരിഗണിക്കുമ്പോൾ തൊഴിലുറപ്പും കുടുംബസ്ത്രീ പദ്ധതികളുമൊക്കെ അവർക്കാവശ്യമായ വേതനം ലഭ്യമാക്കുവാൻ പര്യാപ്തമാവുന്നില്ല എന്നു കാണാവുന്നതാണ്.

വിദ്യാഭ്യാസത്തിലും ആരോഗ്യമേഖലയിലുമൊക്കെ ഉയർന്നു നിൽക്കുന്ന കേരളത്തിലെ സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയും വിധം കേരള സമൂഹത്തിന്റെ ഉയർന്ന ചിന്ത ഉണ്ടാകുമെന്നും അങ്ങനെ കേരളത്തിലെ സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം സാമ്പത്തിക സ്വയംപര്യാപ്തതയും രാഷ്ട്രീയ നീതിയും ലഭ്യമാകുന്ന അവസ്ഥ സംജാതമാവുകയും ചെയ്യും എന്നു പ്രതീക്ഷിക്കാം.

## 8. സാർവ്വത്രിക വിദ്യാഭ്യാസം

വിദ്യാഭ്യാസം എന്നത് എല്ലാവർക്കും ലഭ്യമാക്കുക എന്നതാണ് സാർവ്വത്രിക വിദ്യാഭ്യാസം എന്ന പദം വിവക്ഷിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം പുതുതലമുറയിൽ സ്ത്രീകളും പുരുഷന്മാരും ഏറെക്കുറെ പൂർണ്ണമായും പ്രാഥമിക വിദ്യാഭ്യാസം നേടിയവരാണ്.

പ്രാഥമിക വിദ്യാഭ്യാസം ഏറെക്കുറെ പർണ്ണമായും സൗജന്യമായി നൽകുന്ന നമ്മുടെ വിദ്യാഭ്യാസ രീതിയിൽ അവ നിർബന്ധിതമാക്കേണ്ടതുമാണ്. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്ന നമ്മുടെ വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കൊത്ത വിഷയങ്ങൾ തന്നെ തിരഞ്ഞെടുക്കുവാനുള്ള അവസരം നിഷേധിക്കുന്നത് നമ്മുടെ സാർവ്വത്രിക വിദ്യാഭ്യാസം നിഷേധിക്കുന്നതിന് തുല്ല്യം തന്നെയാണ്. പ്ലസ് ടുവിന് ഒരു നിശ്ചിത വിഷയത്തിൽ നിശ്ചിത കുട്ടികൾ മാത്രം പഠിച്ചാൽ മതി എന്ന കേരളത്തിന്റെ നിലപാടിലൂടെ നമ്മുടെ വിദ്യാർത്ഥികളുടെ മനോനില തകർക്കുകയും അങ്ങനെ അവരുടെ ദിശാബോധം നശിപ്പിക്കുകയും ചെയ്യുന്നു.

കേരളത്തിലെ നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ സംരംഭങ്ങളാണ് കൂടുതലായും താൽപ്പര്യം കാണിക്കുന്നത് എന്നു കാണാം. അതു

കൊണ്ടു തന്നെ സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ ആശുപത്രികളിലുമൊക്കെ കാണുന്ന സാമൂഹ്യ അപചയങ്ങളായ കൈക്കൂലി, വൃത്തിയില്ലായ്മ, കമ്പ്യൂട്ടർവൽക്കരണത്തോടുള്ള എതിർപ്പ് എന്നിവയിൽനിന്നും ഒരുപരിധിവരെ രക്ഷപെടുവാൻ നമ്മുടെ വിദ്യാഭ്യാസ മേഖലക്ക് കഴിഞ്ഞു. ഇവയെല്ലാം സാർവ്വത്രിക വിദ്യാഭ്യാസമെന്ന നേട്ടത്തിലേക്ക് എത്തിപ്പെടാനുള്ള നമ്മുടെ ശ്രമങ്ങളെ വല്ലാതെ സഹായിച്ചിട്ടുണ്ട്.

കേരളത്തിൽ കോളേജ് തലത്തിൽ യു.ജി.സി ശമ്പള ഘടന വേണമെന്ന നിലപാടു സ്വീകരിക്കുകയും ബീഡി തൊഴിലാളികളേയും കയർപിരി തൊഴിലാളികളേയും സംഘടിപ്പിച്ചു കൊണ്ടുള്ള സമരം വിജയം കാണുകയും ചെയ്തു. തുടർന്ന് കോളേജ്തല അദ്ധ്യാപകർക്ക് യു.ജി.സി. വേതന നിരക്ക് അനുവദിക്കുകയും ചെയ്തു. കോളേജ് തലത്തിലെ അദ്ധ്യാപകർക്ക് യു.ജി.സി ശമ്പള ഘടന അനുവദിക്കുമ്പോൾ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൂത്രപ്പുരകൾ പോലുമില്ലാത്ത അവസ്ഥയിലായിരുന്നു എന്നത് നമ്മുടെ സംസ്ഥാനം ഏതു തരം വിദ്യാഭ്യാസ മേഖലക്കാണ് പ്രാമുഖ്യം കൊടുത്തിരുന്നത് എന്നതു ചോദ്യം ചെയ്യുന്നതാണ്.

ഉയർന്ന വിദ്യാഭ്യാസ മേഖലയിലേക്ക് എത്തി നോക്കുകയാണെങ്കിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതിനു പകരം അവ നിരാകരിക്കുന്ന നിലപാടാണ് കേരളം കാലങ്ങളോളം സ്വീകരിച്ചിരുന്നത്. അതുകൊണ്ടു തന്നെ പഠനവും തൊഴിലുമായി ബന്ധപ്പെടുത്തി വേണ്ടുംവിധം ചിന്തിക്കാൻ കേരളയീയനു കഴിയാതായി.

പ്ലസ് ടുവിനെ സംബന്ധിച്ചിടത്തോളം ചില വിഷയവുമായി ബന്ധപ്പെട്ട ക്ലാസ്സുകളികളിൽ ആവശ്യക്കാരായ വിദ്യാർത്ഥകൾ കൂടുകയും കുറയുകയുമൊക്കെ ചെയ്യുന്നത് സാധാരണമാണ്. മാറി മാറി വരുന്ന കാലങ്ങളിൽ വിദ്യാർത്ഥികൾക്ക് ഇഷ്ടവിഷയം തിരഞ്ഞെടുക്കപ്പെടേണ്ടി വരുമ്പോൾ ചില വിഷയങ്ങൾക്ക് കൂടുതൽ അദ്ധ്യാപകരെ ആവശ്യമായി വരുന്നു. അതുകൊണ്ടുതന്നെ അദ്ധ്യാപകരുടെ നിയമനങ്ങൾ അതാത് അക്കാഡമിക് കാലയളവിലേക്കൊ കോഴ്സ് പിരീഡിലേക്കൊ ആയി പരിമിതപ്പെടുത്തേണ്ടതാണ്. ആവശ്യമെങ്കിൽ പുനർനിയമനം പുതിയ അക്കാഡമിക് കാലയളവുകളിൽ നൽകേണ്ടതുമാണ്.

കേരളത്തിലെ പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരുകാലത്ത് പത്താം തരംവരെ സയൻസ് വിഷയങ്ങളിലും കണക്ക് വിഷയ

ത്തിലും ശാസ്ത്രീയ പദങ്ങൾ മുഴുവൻ ഇംഗ്ലീഷ് പദങ്ങൾ തന്നെയാണ് പഠിപ്പിച്ചിരുന്നത്. പിന്നീട് നമ്മുടെ മാതൃഭാഷാ സ്നേഹം മൂലം ഇത്തരം ശാസ്ത്ര സാങ്കേതിക പദങ്ങൾ മലയാളീകരിക്കുകയും ഉന്നത പഠനത്തിനായി മലയാളിക്ക് ഉയർന്ന ക്ലാസ്സുകളിൽ ചെല്ലുമ്പോൾ ഇത്തരം പദങ്ങൾ ഇംഗ്ലീഷിലേക്ക് മൊഴിചൊല്ലേണ്ടതായും വന്നു. ഇത്തരം അനാവശ്യമായ വൈതരണികൾ ഒഴിവാക്കാനായി രക്ഷിതാക്കൾ നമ്മുടെ കുട്ടികളുടെ മാതൃഭാഷയിലുള്ള പഠനം ഉപേക്ഷിക്കാൻ തയ്യാറായി. ഇപ്പോഴാകട്ടെ നമ്മുടെ പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് മീഡിയമായുള്ള ക്ലാസ്സുകൾ ആരംഭിച്ചതോടെ കുട്ടികൾ പൊതുവിദ്യാഭ്യാസ മേഖലയിലേക്ക് വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

നമ്മുടെ സംസ്ഥാനം വളരെ ചെറിയ സംസ്ഥാനമാണെന്നും വ്യവസായീക അന്തരീക്ഷമില്ലെന്നും അതിനാൽ വിദേശത്തൊ സ്വദേശത്തൊ ജീവിക്കാനാവശ്യമായ ഭാഷ സ്വായത്തമാക്കേണ്ടതുണ്ടെന്നും പ്ലസ് ടു തലത്തിൽ ഏവർക്കും ഇഷ്ടവിഷയങ്ങൾ തിരഞ്ഞെടുക്കാനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടിയുമിരിക്കുന്നു. ഇത് നമ്മുടെ സമൂഹം തിരിച്ചറിയുകയും അങ്ങനെ സമൂഹത്തിനു ഉപയോഗപ്രദമായ സാർവ്വത്രിക വിദ്യാഭ്യാസം നേടിയെടുക്കാൻ കഴിയുകയും ചെയ്യും.

# 9. ജനാധിപത്യാവബോധം

പലവിധ ഭരണ സംവിധാനങ്ങളിലും ശ്രേഷ്ഠമായി ആധുനീക സമൂഹം കാണുന്നത് ജനാധിപത്യ രീതിയിലുള്ള ഭരണ സംവിധാനമാണ്. ജനാധിപത്യ സംവിധാനത്തെ പ്രബല ഭരണ രീതി യായി കാണുമ്പോഴും പല രാജ്യങ്ങളിലും പലവിധ മാററങ്ങളോടെയാണ് ജനാധിപത്യം നിലനിന്നു പോരുന്നത്.

ലോകത്ത് പലവിധ ഭരണ സംവിധാനങ്ങളു ണ്ടെങ്കിലും പല വികസിത രാജ്യങ്ങളിലും ജനാധി പത്യമല്ലാത്ത ഭരണ രീതിയാണ് നിലനിൽക്കുന്നത്. ഏതു തരം ഭരണ സംവിധാനം നിലനിന്നാലും ഭര ണകർത്താക്കൾക്ക് ധാർമ്മിക ബോധവും ജനങ്ങ ളുടെ നന്മക്കായി പ്രവർത്തിക്കാനാവശ്യമായ പരി ജ്ഞാനവും ഉണ്ട് എന്നതിനെ ആശ്രയിച്ചാണ് രാജ്യത്തിന്റെ വികസനം സാധ്യമാകുന്നത്.

ഒരു ജനാധിപത്യ രാജ്യത്ത് അവിടത്തെ പൗരന്മാർക്ക് എത്രമാത്രം വിദ്യാഭ്യാസവും സാമൂഹ്യ സുരക്ഷയും പൗരബോധവും ഉണ്ട് എന്നതിനെ ആശ്രയിച്ചാണ് അവിടങ്ങളിൽ ജനാധി പത്യം ശക്തമായി നിലനിൽക്കുന്നത്. അപ്പോൾ മാത്രമാണ് ജനാധിപത്യത്തെ നേരായി വിശകലനം ചെയ്യാനും ജനാധിപത്യ ബോധത്തോടെ പൗരന്മാ രുടെ കടമ നിർവ്വഹിക്കാനും കഴിയുകയുള്ളൂ.

നീതിന്യായ വ്യവസ്ഥക്ക് നിലനിൽപ്പുള്ള രാജ്യത്തിന് മാത്രമെ ആധുനീക കാലഘട്ടത്തി നൊത്ത് മുന്നേറാൻ കഴിയുകയുള്ളൂ. നീതിന്യായ വ്യവസ്ഥ നിലനിന്നു പോകാത്തിടങ്ങളിൽ ജാതി യേയും മതത്തേയും തെററായി ചിത്രീകരിക്കു കയും ജാതി തിരിച്ച് ഭരണ മേഖലയും തൊഴിൽ മേഖലയുമൊക്കെ പങ്കിടുകയും ചെയ്യപ്പെടുന്നു. തെമ്മാടികളും ദുർനടപ്പുകാരുമൊക്കെ മാന്യന്മാ രേയും ധാർമ്മിക ബോധുള്ളവരേയും അവഹേളിച്ച് അധികാരം കയ്യടക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെ നീതിന്യായ വ്യവസ്ഥ നില നിൽക്കുന്നിടത്ത് മാത്രമെ ജനാധിപത്യവും ശക്ത മായി നിലനിൽക്കുകയുള്ളൂ എന്നു കാണാവുന്ന താണ്.

ജനാധിപത്യരാഷ്ട്രത്തിൽ തങ്ങൾക്ക് ലഭി ക്കേണ്ട ജനാധിപത്യ അവകാശങ്ങളെപ്പററി പൗര ന്മാർക്ക് ബോധ്യമുണ്ടാവുകയും ചെയ്യേണ്ടിയിരി ക്കുന്നു. നമ്മുടെ രാജ്യമായ ഭാരതത്തിലും പ്രത്യേ കിച്ച് കേരളത്തിലും ഏതെങ്കിലും രാഷ്ട്രീയ പാർട്ടി കളുടെ പക്ഷം ചേർന്ന് അവരെ ന്യായീകരിക്കുന്ന താണ് നമ്മുടെ ജനാധിപത്യത്തിനു തകർച്ച സംഭവി ക്കുന്നതിന് ഒരു കാരണമായി പറയുക.

ഏതൊരു ഭരണക്രമമായാലും തങ്ങളുടെ ഏറാൻമൂളികളെ സൃഷ്ടിക്കുക സ്വാഭാവികമാണ്.

ഏറാൻമൂളികളെ സൃഷ്ടിക്കുക വഴി തങ്ങളുടെ ഭരണപ്രവൃത്തികളെ ന്യായീകരിക്കാൻ ഭരണാധികാരികൾക്ക് കഴിയുന്നു. ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടികളുടെ പക്ഷം ചേർന്ന് സംസാരിക്കുവാൻ ഏറാൻമൂളികളെ സൃഷ്ടിക്കുക വഴി ഭരണാധികാരികൾക്ക് ജനാധിപത്യത്തിൽ സംഘം ചേർന്നു രാജ്യത്തെ കൊള്ളയടിക്കാനും കഴിയുന്നു.

നമ്മുടെ ഭാരതത്തെ സംബന്ധിച്ച് ജാതിയും മതവും സമൂഹത്തിൽ ഏറെ സ്വാധീനിക്കുന്ന ഘടകമായി നിലനിൽക്കുന്നു. അതുകൊണ്ട് തന്നെ ജാതിയുടേയും മതത്തിന്റേയും പക്ഷം ചേർന്ന് ഭരണം പിടിച്ചടക്കാനുള്ള പ്രവണതയും നമ്മുടെ ജനാധിപത്യത്തിന് ദോഷകരമായി ഭവിക്കുന്നു. അത്തരം സാഹചര്യത്തിൽ കൂടുതൽ വോട്ടുകളുള്ള ജാതിയുടേയൊ മതത്തിന്റേയൊ പ്രതിനിധികൾ ഭരണ സിരാകേന്ദ്രത്തിൽ എത്തിപ്പെടുകയും മതപ്രീണനത്തിലൂടെ ജനാധിപത്യത്തിനു തകർച്ച സംഭവിക്കുകയും ചെയ്യുന്നു.

സംഘം ചേർന്നു സംഘർഷമുണ്ടാക്കി സമൂഹത്തെ കൊള്ളയടിക്കുന്ന സംഘങ്ങൾ എക്കാലത്തും നിലനിന്നിരുന്നു എന്നു കാണാവുന്നതാണ്. സംഘം ചേർന്നു

സംഘർഷമുണ്ടാക്കി നേട്ടങ്ങൾ കൊയ്യുന്നതും ഭരണം പിടിച്ചടക്കുന്നതും നമ്മുടെ ജനാധിപത്യ ത്തിൽ കണ്ടു വരുന്ന പ്രവണതകളിലൊന്നാണ്.

അഴിമതിയും കൈക്കൂലിയുമൊക്കെ നില നിൽക്കുന്ന സമൂഹത്തിനോടു ഐക്യപ്പെട്ട് നേട്ട ങ്ങൾ കൊയ്തെടുക്കാനുള്ള ഭരണാധികാരികളുടെ ശ്രമങ്ങളെ തിരിച്ചറിയാനുള്ള അവബോധം കൂടി യാണ് ശരിയായ ജനാധിപത്യ അവബോധം എന്നു പറയുന്നത്.

വ്യക്തിത്വമുള്ളവരേയും മാന്യന്മാരേയും അധിക്ഷേപിച്ച് ഭരണ നേതൃത്വം കൈപ്പിടിയിലൊ തുക്കാനുള്ള ശ്രമത്തെ തിരിച്ചറിയാതിരിക്കുന്നതും നമ്മുടെ ജനാധിപത്യത്തിന്റെ തകർച്ചയായി കാണാ വുന്നതാണ്.

സംസ്ഥാനത്ത് നിലനിൽക്കുന്ന സർക്കാർ സംവിധാനങ്ങളെല്ലാം തന്നെ രാഷ്ട്രീയ നേതൃത്വ ങ്ങളേയും സർക്കാർ പൊതുമേഖല ജീവനക്കാരേ യുമൊക്കെ ഒന്നാംതരം പൗരന്മാരായി കാണു കയും അവർ പറയുന്നത് സമൂഹത്തിനെ ഏററു പറയാൻ നിർബന്ധിതമാക്കുകയും ചെയ്യുന്നു. കേരളത്തെ സംബന്ധിച്ചാണെങ്കിൽ ഏറെക്കുറെ പൂർണ്ണമായും സർക്കാർ സംവിധാനങ്ങൾ ആധുനീ

കവൽക്കരിക്കാത്തതിന്റെ ഫലമായും ജാതിയുടെ പേരിൽ വീതം വക്കുന്നതിന്റെ ഫലമായും റവന്യൂ വരുമാനം പൂർണ്ണമായും അത്തരം മേഖലയിലേക്ക് ചെലവഴിക്കപ്പെടേണ്ടതായും വരുന്നു. ഇങ്ങനെ ദുർവിനിയോഗം ചെയ്യുന്ന സമ്പത്ത് സമൂഹ ത്തിന്റെ സാമൂഹ്യ സുരക്ഷക്കായി ചെലവഴിക്കപ്പെ ടേണ്ടതാണെന്ന ബോധം പൗരന്മാർക്കും ഉണ്ടാ കേണ്ടിയിരിക്കുന്നു.

ഏതൊരു വികസിത സമൂഹത്തിന്റേയും ഉയർന്ന ജീവിതക്രമത്തിന് സൂചികയായി കാണുന്ന തിൽ പ്രധാനപ്പെട്ടതാണ് അവിടെ നിലനിൽക്കുന്ന ഉയർന്ന വിദ്യാഭ്യാസ തോതും ഉയർന്ന ആരോഗ്യ സംവിധാനങ്ങളും. ഉയർന്ന വിദ്യാഭ്യാസതോതു പോലെയും ഉയർന്ന ആരോഗ്യ ചിന്തപോലെയും ഉയർന്ന ജനാധിപത്യബോധവും സമൂഹത്തിലുണ്ടാ കട്ടെ എന്നും അതുവഴി ഉയർന്ന സമൂഹ്യ സുരക്ഷ സമൂഹത്തിന് ലഭിക്കട്ടെ എന്നും പ്രതീക്ഷിക്കുന്നു.

## 10. സംരഭകത്വം

വ്യവസായ - വാണിജ്യ സംരഭങ്ങൾ എത്രത്തോളം സമൂഹത്തിൽ ഉണ്ട് എന്നതിനെ ആശ്രയിച്ചാണ് രാജ്യത്തിന്റെ സാമ്പത്തിക സുസ്ഥിരത നിലനിൽക്കുന്നത്. ആധുനീക കാലഘട്ടത്തിൽ സ്വയംപര്യാപ്തമായ സമൂഹത്തിൽ മാത്രമെ കാലോചിതമായ വളർച്ചയുണ്ടാവുകയുള്ളൂ. വ്യവസായിക - വാണിജ്യ സംരഭകരെ പ്രോത്സാഹിപ്പിച്ചാൽ മാത്രമെ ഭരണാധികാരികൾക്ക് സമൂഹത്തിൽ നിർവ്വഹിക്കേണ്ട അത്യാവശ്യവും പ്രാധാന്യമർഹിക്കുന്നതുമായ സാമൂഹ്യ സുരക്ഷ പോലുള്ള കടമ നിർവ്വഹിക്കാനാവശ്യമായ സാമ്പത്തികവും കാലോചിതവുമായ വിഭവങ്ങൾ സമാഹരിക്കാൻ കഴിയുകയുള്ളൂ.

പൊതുമേഖലാ സ്ഥാപനങ്ങൾ നൽകുന്ന ഉയർന്ന വേതനവും മററു ആനുകൂല്ല്യങ്ങളും നൽകുവാൻ ആവശ്യമെങ്കിൽ സർക്കാർ ഖജനാവ് ഉപയോഗപ്പെടുത്തുന്നതായി കാണാവുന്നതാണ്. എന്നാൽ ഇത്തരം പ്രോത്സാഹനങ്ങൾ ലഭ്യമാകാത്ത സ്വകാര്യ മേഖലക്ക് പൊതുമേഖല നൽകുന്ന ഉയർന്ന ആനുകൂല്ല്യങ്ങൾ നൽകാൻ കഴിയുന്നില്ലാ എന്നതും എടുത്ത് പറയേണ്ടതാണ്. നമ്മുടെ സംസ്ഥാനത്തെ ഒട്ടുമിക്ക പൊതുമേഖലാ സ്ഥാപനങ്ങളും സമൂഹത്തിന്റെ നികുതിപ്പണം

ചോർത്തിയെടുക്കുന്ന സ്ഥാപനങ്ങളായി മാറുകയും ചെയ്യുന്നുണ്ട്.

കേരളത്തിൽ ലാഭകരമായി നടത്താവുന്ന സംരംഭങ്ങളിൽ ഐ.ടി. മേഖലയും ടൂറിസം മേഖലയും മുന്നിട്ടു നിൽക്കുന്നു. അവിടേയും കേരളത്തിലെ പ്രത്യേകമായ സാഹചര്യത്തിൽ പുതിയതായി സംരഭങ്ങൾ ആരംഭിക്കുന്നതിന് പലവിധങ്ങളായ വെല്ലുവിളികൾ നേരിടേണ്ടി വരുന്നു.

സംസ്ഥാനത്തുള്ള വനിതകളെ കൂടുതൽ സാമ്പത്തികമായി സുരക്ഷിതരാക്കുക എന്നത് കാലോചിതമായ ആവശ്യമായി വരുന്നു. അതുകൊണ്ടുതന്നെ വനിതകൾ കൂടുതലായി ജോലി ചെയ്യുന്ന സംരംഭങ്ങൾക്ക് ഇളവുകൾ നൽകേണ്ടിയിരിക്കുന്നു. സ്വന്തം കാലിൽ നിൽക്കാനാവശ്യമായ സുസ്ഥിരമായ വരുമാനം വനിതകൾക്ക് ലഭ്യമാക്കുകവഴി സ്ത്രീശാക്തീകരണത്തിനും ഇതു സഹായകമാകുന്നു.

കൂടുതൽ കൂടുതൽ സംരംഭങ്ങൾ ആരംഭിച്ചാൽ മാത്രമെ ഏതൊരു രാജ്യത്തിനും സ്വയം പര്യാപ്തത നേടാൻ കഴിയുകയുള്ളൂ. സ്വയംപര്യാപ്തമായ സാഹചര്യത്തിൽ മാത്രമെ

വികസിത രാജ്യമായി വളരുവാൻ കഴിയുകയു മുള്ളൂ.

കേരളത്തിൽ വ്യവസായിക അന്തരീക്ഷമില്ലാത്തതുകൊണ്ട് രണ്ടു പേർക്ക് തൊഴിൽ കൊടുക്കുന്ന സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ രണ്ടാമതൊന്നു ചിന്തിക്കേണ്ടതായി വരുന്നു. വിദ്യാഭ്യാസത്തിലും ആരോഗ്യമേഖലയിലും ഉയർന്നു നിൽക്കുന്ന കേരളീയ സമൂഹം വ്യവസായ-വാണിജ്യ മേഖലയിൽ വളർന്നു വരാത്തതുകൊണ്ട് സമൂഹത്തിലെ യുവജനങ്ങൾ അന്യരാജ്യങ്ങളിലേക്ക് ജോലി തേടി കുടിയേറേണ്ടതായി വരുന്നു. ഒട്ടുമിക്ക വികസിത രാജ്യങ്ങളും അവരുടെ പൗരന്മാരുടെ ആയുസ് വർദ്ധിക്കുന്നതുകൊണ്ടാണ് പ്രായമാവരുടെ എണ്ണം വർദ്ധിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ ആയുസും വർദ്ധിക്കുന്നുണ്ടെങ്കിലും ഇത്തരം സംരംഭങ്ങളുടെ കുറവ് കൊണ്ട് ഏറെ താമസിയാതെ വൃദ്ധരെ കൊണ്ട് നമ്മുടെ സംസ്ഥാനം മാറേണ്ടി വരുന്നു.

ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള നിലിപാട് മാറി മാറി വരുന്ന സർക്കാരുകൾ പറയാറുണ്ടെങ്കിലും അത്തരമൊരു മനോഭാവത്തിലേക്ക് വരുവാൻ നമ്മുടെ സമൂഹ

ത്തിനൊ, രാഷ്ട്രിയ ഭരണ മേഖലക്കൊ കഴി ഞ്ഞിട്ടില്ല. ചെറുകിട സംരഭങ്ങൾ രാഷ്ട്രീയ ലോബിയിൽ നിന്നും നേരിടേണ്ടി വരുന്ന ഭീഷണി യിൽ നിന്നും രക്ഷപെടുന്നതിന് സംസ്ഥാനത്തിന്റെ മനോഭാവം മാറേണ്ടിയിരിക്കുന്നു. അത്തരം മനോ ഭാവം മാററിയെടുക്കുന്നതിന് രക്ഷാകവചമായി നിയമങ്ങൾ കൊണ്ടു വരേണ്ടതുമുണ്ട്.

കൂടുതൽ വനിതകളെ സ്വയംപര്യാപ്തമായ അവസ്ഥയിൽ എത്തിക്കുന്നതിനായി ആരംഭിച്ച കുടുംബശ്രീ സംരംഭങ്ങൾ പോലും ഇരുട്ടുകൊണ്ട് ഓട്ടയടക്കാനുള്ള ശ്രമമായി മാറുകയാണ്. വ്യവ സായിക സാഹചര്യം കേരളത്തിൽ നിലനിൽക്കുക യാണെങ്കിൽ തീർച്ചയായും കേരളത്തിലും സംരഭ കത്വ താൽപ്പര്യങ്ങളുള്ളവർ മുന്നോട്ടു വരുക തന്നെ ചെയ്യും.

സർക്കാർ മേഖലയിൽ കൂടുതൽ വ്യവസാ യിക സംരംഭങ്ങൾ ആരംഭിച്ച് അവയുടെ ഷെയ റുകൾ പൊതുവിപണിയിൽ വിററ് കൂടുതൽ തൊഴിൽ സംരംഭങ്ങൾ കേരളത്തിൽ കൊണ്ടു വരാ വുന്നതാണ്. അങ്ങനെയും വ്യവസായിക അന്ത രീക്ഷം കേരളത്തിൽ കൊണ്ടു വരാൻ കഴിയുക തന്നെ ചെയ്യും.

കേരളത്തിൽ മുന്നിട്ടു നിൽക്കുന്ന സംരംഭങ്ങൾ സേവന മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണു സത്യം. കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളുമാണ് ഈയടുത്ത കാലത്തായി ആരംഭിച്ച എടുത്തു പറയാവുന്ന സ്ഥാപനങ്ങൾ. ഇത്തരം സ്ഥാപന ങ്ങൾക്ക് മററു സംസ്ഥാനങ്ങളിൽ നിന്നൊ മററിതര രാജ്യങ്ങളിൽ നിന്നൊ പഠനാർത്ഥികളേയും ചികത്സ ആവശ്യമുള്ളവരേയും ആകർഷിക്കാൻ കഴിയേണ്ടിയിരിക്കുന്നു. ഈയടുത്ത കാലയളവിൽ മാളുകൾ എന്ന പേരിൽ പൊന്തിവന്ന വാണിജ്യ കേന്ദ്രങ്ങളും സേവന മേഖലയിലുള്ളവ തന്നെയാണ്. അതുകൊണ്ടുതന്നെ പുതിയതായ സംരഭങ്ങൾ എന്നത് ചലനാത്മകമായ വികസന സങ്കൽപ്പമല്ല കേരളത്തിനുള്ളതെന്നു പറയേണ്ടി വരുന്നു.

സർക്കാർ മേഖലയിലെ കൂടിയ ശമ്പളമാണ് കേരളത്തിലെ യുവതീ യുവാക്കൾ നോട്ടമിടുന്നത്. പലവിധ സ്വകാര്യ സംരംഭങ്ങളിലും ലഭിക്കാത്ത ശമ്പളത്തിനു പുറമെയാണ് പലവിധങ്ങളായ ആനുകൂല്ല്യങ്ങൾ. പൊതുമേഖല സ്ഥാപനങ്ങളിലൊ സർക്കാർ തൊഴിലിടങ്ങളിലൊ പങ്കുപററി കഴിയാനാണ് കേരളത്തിലെ യുവതക്ക് താത്പ്പര്യം. കേരളത്തിൽ നിലനിൽക്കുന്ന വ്യവസായിക മേഖലയിലെ സംഘർഷപൂരിതമായ അന്തരീക്ഷം സംരംഭകരുടെ മനോഭാവത്തെ തളർത്തുന്നതാണ്.

# 11. സ്വകാര്യവൽക്കരണം

ഏതൊരു സർക്കാരിന്റേയും പ്രഥമ ചുമതല കളിലൊന്നാണ് ക്രമസമാധാന ചുമതല. ജനങ്ങ ളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നത് ഭരിക്കുന്ന ഏതൊരു സർക്കാരും മുന്തിയ പരിഗണന നൽകേണ്ടതുണ്ട്. പൊതുമേഖലയി ലായാലും സ്വകാര്യമേഖലയിലായാലും കൃത്യ മായി നീതിന്യായ വ്യവസ്ഥ അനുശാസിക്കും വിധമാണ് കാര്യങ്ങൾ മുന്നേറുന്നത് എന്നു ഉറപ്പു വരുത്തേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിലായാലും ആരോഗ്യത്തി ലായാലും എന്ന പോലെ വ്യവസായത്തിലും സർക്കാർ നയ രൂപീകരണം ആവശ്യമായി വരുന്നു. വ്യവസായത്തോട് ബന്ധപ്പെട്ടു കിട ക്കുന്ന നിയമങ്ങൾ കാലാകാലങ്ങളിൽ കൊണ്ടുവ രുകയും അതു കൃത്യമായി നടപ്പാക്കുകയും ചെയ്യുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

ഓരോ വ്യവസായ സ്ഥാപനത്തിലും എത്ര മാത്രം മിനിമം കൂലി നൽകണം എന്നത് നിയമ ത്തിൽ കൃത്യമായി അനുശാസിക്കുന്നുണ്ട്. അതാത് കാലത്ത് മിനിമം കൂലി ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതു പോലെ ഒരോ തൊഴി ലാളിയും എത്ര മണിക്കൂർ തുടർച്ചയായി ജോലി

ചെയ്യാൻ പാടുള്ളൂ എന്നും നിയമം അനുശാസിക്കുന്നു. പൊതുമേഖലയിലായാലും സ്വകാര്യമേഖലയിലായാലും അത്ര തന്നെ പ്രാധാനമായതാണ് പരിസ്ഥിതി സംബന്ധമായ നിയമങ്ങളും പരിപാലിക്കുന്നുണ്ട് എന്നു ഉറപ്പു വരുത്തുക എന്നത്. അങ്ങനെ നോക്കുമ്പോൾ നമ്മുടെ രാജ്യത്തെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾ ശരിയായ രീതിയിൽ നിയമങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്നില്ല എന്നതാണ് മലയിടിച്ചിൽ പോലുള്ള പ്രകൃതി ദുരന്തങ്ങൾ ഇത്ര രൂക്ഷമായി കേരളീയ സമൂഹം നേരിടേണ്ടി വരുന്നത് എന്നു പറയേണ്ടി വരുന്നു.

ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് മുന്തിയ പരിഗണന നൽകേണ്ടിയിരിക്കുന്നു. കൂടുതൽ ആളുകൾ സംരംഭകരായി എത്തിപ്പെടുകയും കൂടുതൽ ആളുകളിലേക്ക് തൊഴിലവസരങ്ങൾക്ക് പുറമെ സമ്പത്തും ലഭ്യമാകുന്നുണ്ട് എന്നും തിരിച്ചറിയേണ്ടിയിരിക്കുന്നു. ടൂറിസത്തിലും ഐ.ടി അധിഷ്ഠിത മേഖലകളിലും കേരളത്തിന് സ്വകാര്യ മേഖലയിൽ ഏറെ മുന്നോട്ടു പോകാൻ കഴിയും. കാർഷിക മേഖലയിലും മത്സ്യബന്ധന മേഖലയിലും ലഭിക്കുന്ന ഉൽപ്പന്നങ്ങൾ സംസ്ക്കരിച്ച് മൂല്ല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാററി കയററുമതിക്ക് പര്യാപ്തമാം വിധമുള്ള വ്യവസായങ്ങൾക്ക് കേരളത്തിൽ അനന്തമായ സാധ്യതകളാണുള്ളത്.

ഇത്തരം വ്യവസായ സംരംഭങ്ങൾ സ്വകാര്യ മേഖല യിൽ ആരംഭിക്കുന്നതിനാവശ്യമായ വ്യവസായിക അന്തരീക്ഷം കേരളത്തിലും ഒത്തു വരേണ്ടിയിരി ക്കുന്നു.

പൊതുമേഖല സ്ഥാപനങ്ങളെന്നും സ്വകാര്യ സ്ഥാപനങ്ങളെന്നും തരംതിരിച്ച് അവയിലെ ജീവന ക്കാരെ രണ്ടുതരം പൗരന്മാരായി തരംതിരിക്കുന്നു. കൂടുതൽ ശമ്പളവും കൂടുതൽ അലവൻസുകളും ലഭിക്കുന്ന പൊതുമേഖല, സ്വകാര്യ മേഖലയിലെ ജീവനക്കാരെ രണ്ടാംതരം പൗരന്മാരാക്കി കൊഞ്ഞനം കുത്തുന്നു. അതുകൊണ്ടു തന്നെ സ്വകാര്യ മേഖലയിൽ ലഭിക്കുന്നതിനേക്കാൾ 5 – 10% കൂടുതൽ മാത്രമെ പൊതുമേഖലയിലും നൽകുന്നുള്ളൂ എന്നും ഉറപ്പു വരുത്തേണ്ടിയിരി ക്കുന്നു.

വൃത്തിയില്ലായ്മയും അഴിമതിയും കൈക്കൂലിയും ആധുനിക സാങ്കേതിക ഉപകരണ ങ്ങളോടുള്ള എതിർപ്പും പൊതുമേഖലയുടെ മുഖ മുദ്രയായി തുടരുമ്പോൾ സ്വകാര്യ മേഖല ഇതിൽ നിന്നെല്ലാം വേറിട്ടു നിൽക്കുന്നു. ചുരുക്കത്തിൽ സ്വകാര്യ മേഖല ശക്തി പ്രാപിക്കുക വഴി രാജ്യത്തെ ജനങ്ങൾക്ക് മികച്ച ജീവിതാന്തസും സാമൂഹ്യ സുരക്ഷയും ലഭ്യമാകുന്നു.

നാട്ടിൽ നിലവിലെ രൂക്ഷമായ തൊഴിലില്ലായ്മയുടെ പേരിലും സാമൂഹ്യ സുരക്ഷയുടെ അഭാവത്തിലും അനുദിനം ജീവിത ചിലവ് വർദ്ധിച്ചു വരുന്നതിനാലും നമ്മുടെ യുവതക്ക് അന്യരാജ്യങ്ങളിലേക്ക് പോകേണ്ടതായി വരുന്നു. സ്വകര്യമേഖലയെ പ്രോത്സാഹിപ്പിക്കുമ്പോൾ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാവുകയും രാജ്യത്തിന്റെ ഖജനാവിന് ബാധ്യതയില്ലാത്ത അവസ്ഥയും വന്നു ചേരുന്നു. മാത്രമല്ല നമ്മുടെ യുവതയുടെ വിഭവശേഷി നാട്ടിൽ തന്നെ ലഭ്യമാക്കാൻ സാധിക്കുന്നു. സംസ്ഥാനം പ്രായമാവരുടെ പ്രദേശമായി ചുരുങ്ങിക്കൊണ്ടിരിക്കുന്ന അവസ്ഥ ഭയാനകമായി തുടരുകയാണ്. ബുദ്ധിയും ശക്തിയും സമന്വയിക്കുന്ന യുവത എന്നും അവരവരുടെ നാട്ടിൽ തുടരേണ്ടത് ആ രാജ്യത്തിന്റെ ആവശ്യം തന്നെയാണ്. അതുകൊണ്ടു തന്നെ സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കാൻ കേരളം തയ്യാറാകേണ്ടിയിരിക്കുന്നു.

## 12. നിയമപാലകർ

ഏതൊരു രാജ്യത്തിന്റേയും പ്രധാന കടമകളിലൊന്നാണ് നീതിന്യായ വ്യവസ്ഥ നടപ്പിലാക്കുക എന്നത്. അതുകൊണ്ടു തന്നെ നിയമപാലനത്തിന്റെ അവശ്യഘടകമായ പോലിസും കോടതിയുമൊക്കെ നിയമപാലകരുടെ ഗണത്തിൽ പെടുത്താവുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് പോലീസ് എന്ന വിഭാഗത്തിൽ പെടുന്നതിൽ ഫോറസ്റ്റ്, എക്സൈസ് എന്നീ വിഭാഗങ്ങളും ഉൾപെടുന്നു എന്നതുപോലെ വിജിലൻസ് ക്രൈം ബ്രാഞ്ച് എന്ന വിവിധ തലങ്ങളും ലോക്കൽ പോലീസിനോടൊപ്പം നമ്മുടെ നീതിന്യായ വ്യവസ്ഥ നടപ്പാക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു.

സംസ്ഥാന ഖജനാവിന്റെ പ്രധാനമായ ചില വിനത്തിൽ പെടുന്നതാണ് പോലീസ് സേനയുടെ നിത്യനിദാന ചിലവുകൾക്കായി ചിലവഴിക്കുന്നത്.

എത്രമാത്രം സംസ്ഥാന സമ്പത്ത് ചിലവഴിക്കുന്നുവൊ അത്രത്തോളം നീതിന്യായ വ്യവസ്ഥ അനുദിനം കുത്തഴിഞ്ഞു പോകുന്നതായി നമുക്ക് കാണാവുന്നതാണ്. ഏതൊക്കെ മേഖലയിലാണ് സംഘടനാ പ്രവർത്തനം നടത്താവുന്നത് എന്നതിനെപ്പററി വ്യക്തമായ രൂപരേഖയില്ലാത്തതും പോലീസ് സംഘടനയുടെ ഇടപെടലുകൾ തെളിയിക്കുന്നതാണ്.

സമയാസമയങ്ങളിൽ കുററവാളികളെ കണ്ടെത്തുകയും തെററു ചെയ്തവരെ ശിക്ഷിക്കാനും കുററവാളികളല്ലാത്തവരെ കോടതിയുടെ നീണ്ട കാലത്തെ വിധിക്കായി കാത്തിരിക്കേണ്ടിവരുന്നതും ഒഴിവാക്കേണ്ടിയുമിരിക്കുന്നു.

പത്ത് പാസ്സ് അക്കാഡമിക് യോഗ്യതയായി ഏററവും താഴെ തട്ടിലുള്ള പോലീസുകാരന് തന്നെ മാസാമാസം ലഭിക്കുന്ന ശമ്പളവും മററ് ആനുകൂല്ല്യങ്ങളും കേട്ടാൽ സാധാരണ ജനത്തെ ഞെട്ടിക്കാൻ പോന്നതാണ്. പോലീസ് സേനയിലെ താഴെ തട്ടിലുള്ള പോലീസുകാരന് നൽകി വരുന്ന പ്രൊമോഷൻ ആകട്ടെ മറേറതെങ്കിലും രാജ്യത്ത് നിലവിലുണ്ടോ എന്നു സംശയമാണ്. സർവ്വീസ് കാലാവധി നോക്കി പ്രമോഷൻ കൊടുക്കുന്ന രീതിയല്ല തുടരേണ്ടതെന്ന് എന്നാണ് നമ്മുടെ ഭരണാധികാരികൾ മനസ്സിലാക്കുന്നത് എന്നത് ചോദ്യചിഹ്നമായി നിലനിൽക്കുന്നു.

അടുത്ത കാലത്തെ കോടതിയുടെ നിർദ്ദേശങ്ങളിലൊന്നാണ് ഓരോ പോലീസ് സ്റ്റേഷനിലും കാമറകൾ സ്ഥാപിക്കുക എന്നത്. എവിടെയൊക്കെ കാമറകൾ സ്ഥാപിക്കേണ്ടതുണ്ട് എന്നും കോടതി നിഷ്ക്കർഷിക്കുന്നു. പുരോഗമനപരമായ

ആശയങ്ങളുമായി നമ്മുടെ പോലീസ് സ്റ്റേഷനുകൾ ആധുനീകമാക്കേണ്ടിയിരിക്കുന്നു.

നമ്മുടെ ട്രാഫിക് പോലീസിൽ ഏറെക്കുറെ നല്ല പരിധിവരെ സേനയിൽനിന്നും റിട്ടയർ ചെയ്തവരേയൊ എൻ.സി.സി തുടങ്ങിയവയിൽ നിന്നും സേവനം ചെയ്തവരേയൊ ദിവസ വേതനാടിസ്ഥാനയിൽ നിയമിക്കാവുന്നതാണ്. അതുപോലെ തന്നെ നമ്മുടെ പ്രാദേശിക പോലീസിലായാലും ഫോറസ്റ്റ്, എക്സൈസ് എന്നിവടങ്ങളിലേക്കെല്ലാം കഴിയുന്ന എല്ലാ മേഖലയിലും ദിവസ വേതനാടിസ്ഥാനത്തിൽ ആവശ്യമായ കാര്യക്ഷമതയുള്ളവരെ നിയമിക്കാവുന്നതാണ്.

നമ്മുടെ പ്രാദേശിക പോലീസുകാരും ട്രാഫിക് മേഖലയിലെ പോലീസുകാരുമൊക്കെയാണ് പ്രധാന വിമർശനത്തിന് കാരണക്കാരായി മാറുന്നത്. അവിടങ്ങളിൽ സ്റ്റേഷൻ ചുമതലയുള്ള വ്യക്തി ആവശ്യം ഐ.പി.എസ് പോലെ മികച്ച മറേറതെങ്കിലും വിഭാഗങ്ങളിൽ നിന്നുള്ളവരായിരിക്കാനും അവർ ജാതിയുടെ പേരിൽ വീതം വച്ചവരല്ലെന്നും പൂർണ്ണമായും കാര്യക്ഷമതയുടെ പേരിലാണ് തിരഞ്ഞെടുക്കപ്പെട്ടതെന്നും ഉറപ്പിക്കേണ്ടിയിരിക്കുന്നു.

പോലീസ് സേനയെ ആധുനീകരിക്കുന്നതിന് കൂടുതൽ വാഹനങ്ങൾ വാങ്ങി കൂട്ടുന്നതായി കാണാവുന്നതാണ്. അതാത് ദിവസങ്ങളിൽ ഡ്യൂട്ടിക്ക് ആവശ്യമായ പോലീസുകാരെ അതാത് ദിവസങ്ങളിൽ പ്രാദേശിക പോലീസ് സ്റ്റേഷനുകളിൽ ക്യാമ്പുകളിൽനിന്ന് എത്തിക്കുക എന്നതാണ് കൂടുതൽ കാര്യക്ഷമതയുള്ള പോലീസ് സേനയാക്കി മാററാനുള്ള നിർദ്ദേശങ്ങളിലൊന്ന്.

ഓരോ വർഷവും എത്ര ഇരട്ടി തുകയാണ് പോലീസ് സേനക്കായി നമ്മുടെ സംസ്ഥാനം ചില വഴിക്കുന്നത് എന്നതു പരിശോധിക്കുമ്പോൾ അവയുടെ നിലവാരം അതിനനുസരിച്ച് ഉയർത്താൻ കഴിഞ്ഞിട്ടില്ലായെന്നും വെള്ളത്തിലെ വരപോലെയായി നമ്മുടെ പോലീസ് സേനയുടെ പരിഷ്ക്കാരങ്ങൾ എന്നും കാണാവുന്നതാണ്.

രാഷ്ട്രീയ-ഭരണ വ്യക്തിത്വങ്ങൾക്ക് അകമ്പടി സേവിക്കുന്നതിനായി ഒരു പററം പോലീസ് സേനയെ മാററി വക്കേണ്ടിവരുന്ന അവസ്ഥ വളരെ ലജ്ജാകരമാണ്. അകമ്പടിക്കായി ഇത്രയും പോലീസ് സേനയെ ഉപയോഗിക്കുന്നത് മറേറതെങ്കിലും രാജ്യത്തുണ്ടാകാൻ വഴിയില്ല. അകമ്പടി സേനയുടെ ധാരാളിത്തം കേരളീയന്റെ നിലവാര തകർച്ചയെയാണ് വ്യക്തമാക്കുന്നത്.

രാഷ്ട്രീയ ഭരണ നേതൃത്വങ്ങളുടെ ഇടപെടലുകൾ നമ്മുടെ സംസ്ഥാനത്തെ നിയമ വാഴ്ചയെ ചോദ്യം ചെയ്യുന്നതാണ്. ചുരുക്കത്തിൽ പോലീസ് സേനയുടെ ആധുനീകവൽക്കരണത്തോടൊപ്പം പഴഞ്ചനായ നിയമന രീതിയും പഴഞ്ചനായ പ്രമോഷൻ രീതിയും മാറേണ്ടിയിരിക്കുന്നു. പ്രാദേശിക പോലീസ് സ്റ്റേഷനുകളിൽ ഓഫീസ് മേധാവിയൊഴിച്ചു ഡ്യൂട്ടിക്കാവശ്യള്ളവരെ അതാതു ദിവസം ക്യാമ്പിൽനിന്ന് വാഹനങ്ങളിൽ എത്തിച്ചു നൽകുന്ന രീതിയിലേക്ക് മാറുകയും ചെയ്യേണ്ടിയിരിക്കുന്നു.

## 13. പൊതുവിതരണ സമ്പ്രദായം

പൊതുവിതരണ സമ്പ്രദായം വളരെ ഭംഗിയായി നടക്കുന്ന സംസ്ഥാനമാണ് കേരളം. ഭക്ഷ്യ സുരക്ഷ ഭാരതത്തിൽ നടപ്പിലാക്കാൻ തുടങ്ങിയതോടു കൂടി നമ്മുടെ ഭക്ഷ്യധാന്യങ്ങൾ ആവശ്യക്കാർക്ക് എത്തിക്കുവാൻ കഴിയുന്നു. എങ്കിലും പൊതുവിതരണ സമ്പ്രദായം ഗുണനിലവാരത്തിലും തൂക്കത്തിലും വേണ്ടത്ര ആകർഷകമല്ലാതെ തുടരുന്നു.

ഭാരതത്തിൽ ഇരുപതാം നൂററാണ്ടിലെ അറുപതുകളിൽ രൂപം പ്രാപിച്ച കാർഷിക വിപ്ലവമാണ് ഭാരതത്തിന്റെ വിശിഷ്യ കേരളം പോലുള്ള സംസ്ഥാനങ്ങളുടെ പട്ടിണി മാററുന്നതിൽ പ്രധാന പങ്കു വഹിച്ചിരിക്കുന്നത്. ഭാരതത്തിലെ വടക്കേന്ത്യൻ സംസ്ഥാനങ്ങളാണ് കാർഷിക വിപ്ലവത്തിന് വിത്ത് പാകിയതെങ്കിലും കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങളാണ് പ്രധാനമായും അതിന്റെ പ്രയോജകരായി മാറിയത്. കാർഷിക വിപ്ലവത്തിന് നേതൃത്വം കൊടുത്ത മഹാരഥന്മാരായ ശാസ്ത്രജ്ഞന്മാരെ നമുക്കു നമിക്കാതിരക്കാൻ കഴിയില്ല. എന്തിനും ഏതിനും രാഷ്ട്രീയ നേതൃത്വങ്ങളെ നമിക്കാൻ മടികാണിക്കാത്തവർ ഭാരതത്തിന്റെ പട്ടിണി മാററുന്നതിനു സഹായകമായവരുടെ ആശയങ്ങൾ സമൂഹത്തിൽ സ്വാധീനം ചലുത്തുന്നതിനെ വക വച്ചു കൊടുക്കാൻ മടി കാണിക്കുന്നു.

ആധുനിക കാർഷിക ഉപകരണങ്ങൾ ഉപയോഗിക്കാൻ കേരള കർഷകനെ അനുവദിക്കാതിരിക്കുകയും ചെയ്തതോടുകൂടി കേരളത്തിലെ കാർഷിക രംഗം ലാഭകരമല്ലാതായി. മനുഷ്യ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുകയാണു വേണ്ടതെന്നും തുടർന്ന് ആധുനീക ഉപരണങ്ങളോടുള്ള എതിർപ്പ് രാഷ്ട്രീയ-ഭരണ മേഖലയിലുള്ളവർ ഉയർത്തിപ്പിടിക്കുകയും ചെയ്തതോടെ കേരളം മററിതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്ഷ്യ വസ്തുക്കളെ പൂർണ്ണമായും ആശ്രയിക്കേണ്ടതായി വന്നു. ഇത്തരം മനോഭാവം സർക്കാർ തൊഴിലിടങ്ങൾ പൂർണ്ണമായും സ്വീകരിക്കുകയും കമ്പ്യൂട്ടർ പോലുള്ള ആധുനീക ഉപകരണങ്ങളോട് മുഖം തിരിച്ചു നിൽക്കുകയും ചെയ്തു. തത്ഫലമായി സർക്കാർ ഖജനാവ് പൂർണ്ണമായും സർക്കാർ പൊതുമേഖല സംവിധാനം നിലനിർത്താനായി മാററിവെക്കേണ്ടിയും വന്നു. അപ്പോഴും കൈക്കൂലിയും അഴിമതിയും പോലുള്ള നോക്കുകൂലി സംസ്ക്കാരത്തിന് സർക്കാർ സംവിധാനത്തിൽ കുറവു വരുത്താനും കഴിഞ്ഞില്ല. കർഷകർ നാണ്യവിളകളിലേക്ക് മാറുകയും കേരളത്തിന് ഭക്ഷ്യധാന്യങ്ങൾക്കായി മററു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായും വന്നു.

കാർഷിക വിപ്ലവത്തിലൂടെ ഉയർന്ന ഉൽപ്പാദനമായി വന്ന കൂടുതൽ ധാന്യങ്ങൾ സംഭരിക്കാൻ സർക്കാർ മേഖലയിൽ മണ്ഡി സിസ്ററം ഏർപ്പെടുത്തിയത് ഭാരതത്തിലെ കാർഷിക മേഖലക്ക് ഉണർവ് പകർന്നു. നിത്യോപയോഗ സാധനങ്ങൾക്ക് ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ ഫുഡ് കോർപ്പറേഷൻ വഴി ലഭ്യമായി. എല്ലാ സർക്കാർ സംവിധാനത്തിലും ഉള്ളതുപോലുള്ള ഉള്ളുകള്ളികൾ പതിററാണ്ടുകളായി തുടരുന്ന മണ്ഡി സംഭരണ രീതിലുമുണ്ടാകുമെന്നു കരുതാവുന്നതാണ്. ഈ നൂററാണ്ടിൽ ഏററവും കൂടുതൽ അരി കയററുമതി ചെയ്യുന്ന ഭാരതത്തിന് അതിന്റെ ഗുണനിലവാരമില്ലായ്മ മൂലം കയററുമതി ചെയ്യുന്നതിന് വലിയ തടസമായി മാറിയിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ അളവിലും തൂക്കത്തിലുമല്ല അതിന്റെ ഗുണനിലവാരത്തിലാണ് കയററുമതിക്കായി കൂടുതൽ ശ്രദ്ധയൂന്നേണ്ടത്.

ഭാരതത്തിലെ ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ ലോകവിപണി കീഴടക്കേണ്ടതുണ്ടെന്നും കാർഷിക മേഖലയോടു ബന്ധപ്പെട്ട വ്യവസായങ്ങൾ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുമെന്നും പ്രതീക്ഷിക്കാവുന്നതാണ്.

കേരളത്തിൽ നിലനിൽക്കുന്ന പൊതു വിതരണ സമ്പ്രദായവും നൂററാണ്ടിലെ ഗുണ മേന്മയെ ആശ്രയിക്കേണ്ടതുണ്ടെന്നും അതിനായി ഏററവും കുറഞ്ഞ വിലയിലും മുന്തിയ ഗുണനില വാരത്തിലുമുള്ള ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കേണ്ട തുണ്ട്. അങ്ങനെ ഗുണനിലവാരമുള്ള ഭക്ഷ്യധാന്യ ങ്ങൾ കേരളീയനു പൊതുവിപണിയിലൂടെ ലഭ്യമാ കേണ്ടതുണ്ട്.

## 14. ലോക അഹിംസാ ദിനം

ഭാരതത്തിന്റെ സ്വതന്ത്ര്യ സമരത്തിനു നേതൃത്വം കൊടുത്ത മഹാത്മാഗാന്ധി ഉയർത്തിപ്പിടിച്ച മുദ്രാവാക്യമായിരുന്നു അഹിംസ. സമാധാനം ആഗ്രഹിക്കുന്ന ഭാരത ജനതക്കു മുമ്പിൽ അഹിംസ എന്ന മുദ്രാവാക്യം വളരെ എളുപ്പത്തിൽ വേരോടി.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മ ഗാന്ധിയുടെ ജന്മദിനമായ ദിവസം തന്നെ ലോക അഹിംസാ ദിനമായി ഐക്യരാഷ്ട്രസഭ ആചരിക്കുമ്പോൾ നമ്മുടെ രാഷ്ട്രപിതാവിനോടൊപ്പം ഭാരതത്തിനും ലോകത്തിന്റെ അംഗീകാരമാണ് ലഭിച്ചിരിക്കുന്നത്.

ലോക സമാധാനത്തിനെതിരെ പലവിധ കാരണങ്ങളാൽ അസംതൃപ്തരായ ജനാവലി ആഭ്യന്തരവും അല്ലാതെയുമുള്ള സംഘർഷങ്ങൾക്ക് മുതിരുന്നു. ഇത്തരം സംഘർഷങ്ങൾക്ക് കാരണക്കാരായി മാറുന്നത് മതപരമായതൊ, അധികാരത്തോടുള്ള ആഗ്രഹം കൊണ്ടോ, മററിതര വിഭാഗീയമായ ചിന്താഗതി കൊണ്ടോ ഒക്കെയുള്ള അസംതൃപ്തരായ സമൂഹമാണ്.

അസംതൃപ്തരായ ജനാവലിപോലെ തന്നെയാണ് സംഘം ചേർന്നും സംഘട്ടനങ്ങളുണ്ടാക്കി നേട്ടങ്ങൾ കൊയ്യാനായി ശ്രമിക്കുന്നത്. ഇങ്ങനെ

സംഘം ചേർന്ന് സംഘട്ടനങ്ങൾ ഉണ്ടാക്കുന്നവർക്ക് വലിയ തോതിൽ ആത്മബലം നേടാനും കഴിയുന്നതായി കാണാവുന്നതാണ്. ഇത്തരക്കാർ അസമാധാനം സമൂഹത്തിന് സംഭാവന ചെയ്യുന്നു.

സമൂഹത്തിലെ വ്യക്തിത്വങ്ങളിലെ പോരായ്മകളും വളർന്നു വരുന്ന സാഹചര്യം മൂലം നേടിയെടുത്ത അപക്വമായ വ്യക്തിത്വവുമാണ് മറ്റൊരു കൂട്ടർ ഹിംസയിലേക്ക് എത്തിച്ചേരാൻ കാരണമായിട്ടുള്ളത്. പ്രായപൂർത്തിയാകുന്നതിനു മുമ്പുതന്നെ ഒരാളുടെ വ്യക്തിത്വം രൂപം പ്രാപിക്കുന്നതിനാൽ അയാൾ ഏതുതരത്തിൽ പെരുമാറുമെന്നു പ്രവചിക്കുക പലപ്പോഴും ആ വ്യക്തി വളർന്നു വന്ന സാഹചര്യം മനസിലാക്കിയാൽ മാത്രം മതി. സമാധാനമുള്ള സാഹചര്യത്തിൽ ജനിച്ചു വളർന്നവരും അഹിംസയെ പ്രോത്സാഹിപ്പിക്കുന്ന സാഹചര്യത്തിൽ ജനിച്ചു വളർന്നവരും അഹിംസ തിരഞ്ഞെടുക്കാനുള്ള സാധ്യതകൾ ഏറെയാണ്.

സമൂഹത്തിൽ പടർന്നു വരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം അഹിംസയെ പ്രോത്സാഹിപ്പിക്കുന്ന ലോകത്തിന് വലിയ ഭീഷണി തന്നെയാണ്. മതവും ജാതിയും വർണ്ണവുമെല്ലാം വിഭാഗീയത വളർത്തുന്ന ഘടകങ്ങളാണെന്നിരിക്കെ അത്തരക്കാരുടെ പ്രവർത്തനമേഖലയും


അഹിംസയെ പ്രോത്സാഹിപ്പിക്കുന്ന ലോകത്തിന് ഒരു വെല്ലുവിളിയായി മാറുന്നു

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ഉയർത്തിപ്പിടിച്ച അഹിംസയുടെ മുദ്രാവാക്യം ലോകം ഏറ്റെടുക്കുമ്പോൾ പുതിയൊരു സമാധാനത്തിന്റെ ലോകക്രമം ഉയർന്നു വരുമെന്നു പ്രതീക്ഷിക്കാവുന്നതാണ്.

# ക്ലബ് ഹൗസ്

എസ്.കാച്ചപ്പിള്ളി






സംസ്കാര, കൊച്ചി–682 509

Tel: 9446459784